(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.14-271/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ-dokkd.ksad@kerala.gov.in

തീയ്യതി: 14.08.2020.

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

കൊടുവള്ളി നഗരസഭ

സർ,

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള മുൻസിപ്പാലിറ്റീസ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 ലെ കേരളാ മുനിസിപ്പാലിറ്റീസ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3)ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്

4)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.14-271/2020 തീയതി: 14.08.2020.

# കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ നഗരപാലികനിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.18 മുതൽ 17.02.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.02.2020 മുതൽ 18.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.ശ്യാംജിത്ത്.എം, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷിനിത്ത്.എ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷിബിൻ.കെ.എസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീമതി.ശരീഫ കണ്ണാടിപ്പൊയിൽ | 1.4.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീ.അനിൽകുമാർ.എ.എം., സൂപ്രണ്ട് (സെക്രട്ടറി ഇൻ-ചാർജ്ജ്) | 1.4.2018 മുതൽ 19.07.2018 വരെ |
| | ശ്രീമതി.ജയന്തി.എൻ.പി, മുനിസിപ്പൽ എഞ്ചിനിയർ (സെക്രട്ടറി ഇൻ-ചാർജ്ജ്) | 20.07.2018 മുതൽ 10.03.2019 വരെ |
| | ശ്രീ.ഫൈസൽ.എ | 11.03.2019 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര്/കാലയളവ് |
|---|---|
| മുൻസിപ്പൽ എഞ്ചിനീയർ | ശ്രീമതി.ജയന്തി.എൻ.പി.<br>(01.04.2018 മുതൽ 31.3.2019 വരെ) |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.നസ്റുൽ ഇസ്ലാം<br>(01.04.2018 മുതൽ 31.3.2019 വരെ) |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സാഹിറ.വി.ബി<br>(01.04.2018 മുതൽ 31.3.2019 വരെ) |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ.കെ.ചന്ദ്രൻ<br>(01.04.2018 മുതൽ 31.3.2019 വരെ) |
| കൃഷി ഓഫീസർ | ശ്രീമതി.അശ്വതി ഹർഷൻ<br>(01.04.2018 മുതൽ 31.3.2019 വരെ) |
| പ്രിൻസിപ്പാൾ ജിഎച്ച്.എസ്.എസ്., കൊടുവള്ളി | ശ്രീ.മുഹമ്മദ് അബ്ദുൾ മജീദ്.പി.പി<br>(01.04.2018 മുതൽ 31.3.2019 വരെ) |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ.അബ്ദുൾ ഖാദർ.പി<br>(01.04.2018 മുതൽ 31.3.2019 വരെ) |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശാരി.എം<br>(01.04.2018 മുതൽ 31.3.2019 വരെ) |

**ഉള്ളടക്കം**


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | ക്യാഷ് പരിശോധന |
| 6 | 1-6 | ആഭ്യന്തര നിയന്ത്രണം |
| 7 | 1-7 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 8 | 1-8 | പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ വെക്കുന്നതിലുള്ള കാലതാമസം |
| 9 | 1-9 | പ്രവൃത്തി പൂർത്തീകരണം വൈകി - കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല |
| 10 | 1-10 | ചോലയിൽ കുടിവെള്ള പദ്ധതി - പ്രോജക്ട് നടത്തിപ്പിലെ അപാകത |
| 11 | 1-11 | പ്രോജക്ടുകൾ നടപ്പാക്കിയില്ല - വകയിരുത്തിയ 73.496 ലക്ഷം രൂപ പാഴായി |
| 12 | 1-12 | ഫുട്ബോൾ ടൂർണ്ണമെന്റിനു വേണ്ടിയുള്ള താത്ക്കാലിക ഗ്യാലറി നിർമ്മാണം - അനുമതി നല്കിയതിലെ അപാകത |
| 13 | 1-13 | താൽക്കാലിക ജീവനക്കാരുടെ ഇ.പി.എഫ് വിഹിതം - സമയബന്ധിതമായി അടവാക്കാത്തതിനാൽ പിഴപ്പലിശ - 148538/- രൂപയുടെ നഷ്ടം |

| | | |
|---|---|---|
| 14 | 1-14 | മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു |
| 15 | 1-15 | പത്രപരസ്യങ്ങൾ -പരസ്യചാർജ്ജിൽ അർഹമായ ഇളവ് പ്രയോജനപ്പെടുത്തിയില്ല |
| 16 | 1-16 | കൃത്യമായ കണക്കെടുപ്പു നടത്താതെ 12897500/- രൂപയുടെ പുതിയ തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിക്കാൻ തീരുമാനിച്ചു |
| 17 | 1-17 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകളുടെ പൊതു അപാകതകൾ |
| 18 | 1-18 | ജി.എെ.എസ്. മാപ്പിംഗ് (Geographical Information System) – ഡാറ്റാ ബേസ് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല |
| 19 | 1-19 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യകുറവ് - പരിഹാര നടപടികൾ കാര്യക്ഷമമാക്കണം |
| 20 | 1-20 | ബഡ്ജറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങൾ പാലിച്ചില്ല |
| 21 | 1-21 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഇൗടാക്കുന്നു |
| 22 | 1-22 | രശീത് സൂക്ഷിപ്പിലെ അപാകതകൾ |
| 23 | 1-23 | നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ് വാടക – അപാകതകൾ |
| 24 | 1-24 | തൊഴിൽ നികുതി-അപാകതകൾ |
| 25 | 1-25 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് - ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല |
| 26 | 3-1 | പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ വെക്കുന്നതിലുള്ള കാലതാമസം |
| 27 | 3-2 | പ്രവൃത്തിപൂർത്തീകരണം വൈകി - കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല |
| 28 | 3-3 | താൽക്കാലിക ജീവനക്കാരുടെ ഇ.പി.എഫ് വിഹിതം - സമയബന്ധിതമായി അടവാക്കാത്തതിനാൽ പിഴപ്പലിശ - 148538/- രൂപയുടെ നഷ്ടം |
| 29 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 30 | 4-2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 31 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 32 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 33 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 34 | 4-6 | സ്ഥിര നിക്ഷേപം |
| 35 | 4-7 | ഓഡിറ്റ് റിക്കവറി |
| 36 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 37 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 38 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 39 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 40 | അനുബന്ധം | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.03.2018 ലെ 1 ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 05.03.2019 ലെ 1 ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| | | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 12.07.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 28392674 |
| വരവ് | 248126741 |
| ആകെ | 276519415 |
| ചെലവ് | 236117003 |
| നീക്കിയിരിപ്പ് | 40402412 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 2,50,74,264 | 2,50,74,264 | 2,42,48,862 | 8,25,402 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1,11,89,000 | 1,11,89,000 | 4401212 | 6787788 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 14,65,000 | 14,65,000 | 9,23,688 | 5,41,312 |
| മെയിന്റനൻസ് (റോഡ്) (ACR പ്രകാരം) | | 0 | 1,08,22,000 | 1,08,22,000 | 83,65,178 | 24,56,822 |
| മെയിന്റനൻസ് (നോൺ-റോഡ്) (ACR പ്രകാരം) | | 0 | 56,29,000 | 56,29,000 | 56,29,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 1,37,46,852 | 1,37,46,852 | 1,00,60,117 | 36,86,735 |
| കെ.എൽ..ജി.എസ്.ഡി.പി (ACR പ്രകാരം) | | 0 | 687924 | 687924 | 542615 | 145309 |
| സാക്ഷരത | | 59,753 | 2,390 | 62,143 | 0 | 62,143 |
| ദുരിതാശ്വാസനിധി | | 1,60,261 | 4,513 | 1,64,774 | 83,247 | 81,527 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | പി.എം.എ.വൈ | 2,17,52,441 | 12,19,19,257 | 14,36,71,698 | 13,20,39,865 | 1,16,31,833 |
| | എൻ.യു.എൽ.എം | 3,11,873 | 25,87,959 | 28,99,832 | 22,88,028 | 6,11,804 |
| | ടി.എസ്.സി. | 7,83,623 | 3,92,754 | 11,76,377 | 1,80,000 | 9,96,377 |
| | ആർ.എം.എസ്.എ | 31,08,639 | 0 | 31,08,639 | 0 | 31,08,639 |
| | സ്വച്ഛഭാരത് | 5,07,457 | 52,78,508 | 57,85,965 | 54,960 | 57,31,005 |
| | എം.പി. ഫണ്ട് | 1,13,931 | 4,041 | 1,17,972 | 0 | 1,17,972 |
| സംസ്ഥാനാ-വിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ജലനിധി | 51,743 | 1,833 | 53,576 | 0 | 53,576 |
| | വിമുക്തി | 25,000 | 50,000 | 75,000 | 32,909 | 42,091 |
| ബി ഫണ്ട് | | 0 | 5,49,24,300 | 5,49,24,300 | 5,49,24,300 | 0 |

## 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.02.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 94,423/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത, പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തര നിയന്ത്രണം

കൊടുവള്ളി നഗരസഭയുടെ വിവിധ മേഖലയിലെ പ്രവർത്തനങ്ങളുടെ വിലയിരുത്തലിൽ നിന്നും ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി ഒരുക്കുകയോ, കാര്യക്ഷമമായി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല.

നഗരസഭയുടെ വരവു ചെലവു കണക്ക്, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. വസ്തു നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, അസ്സസ്മെന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് കിട്ടാനുള്ള വസ്തു നികുതി, കുടിശ്ശിക വസ്തു നികുതി എന്നിവയുടെ കണക്കുകൾക്ക് വ്യക്തതയില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നഗരസഭാ പരിധിയിലെ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ അവർ കൈകാര്യം ചെയ്ത ഫയലുകളും രേഖകളും രജിസ്റ്ററുകളും ഉത്തരവാദപ്പെട്ടവർക്ക് കൈമാറ്റം ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നില്ല.

ധനപരമായ ഇടപാടുകൾ രേഖപ്പെടുത്തുന്ന അടിസ്ഥാന രേഖയായ വൗച്ചറുകളിൽ പലതിലും നഗരസഭ ചെയർമാൻ ഒപ്പു വെച്ച് അധികൃതമാക്കിയിട്ടില്ല. ശരിയായ രീതിയിൽ വൗച്ചറുകൾ തയ്യാറാക്കി കൗൺസിൽ ചെയർമാൻ ഒപ്പുവെച്ച് ആധികാരികമാക്കാതെ ഒരു ചെലവും നടക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതും, കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 22A(iv) പ്രകാരം അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യേണ്ടതും തൊട്ട് മുൻപുള്ള മാസത്തെ വരവ് ചെലവുകളുടെ സംക്ഷിപ്തം പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റിയുടെ ചുമതലയാണ്.

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം വരവു വന്ന തുകകൾ യഥാസമയം അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്യപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നില്ല. പർച്ചേസുകളുമായി ബന്ധപ്പെട്ട പേമെന്റുകൾ നടത്തുന്നതിനു മുൻപ് ശരിയായ രീതിയിൽ എഗ്രിമെന്റ് വെച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തുന്നില്ല. ആസ്തി രജിസ്റ്ററുകൾ കാലികമാക്കുന്നില്ല. പല ആസ്തികളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ അഡ്വക്കേറ്റ് ഫീസിനത്തിൽ നൽകുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഓഫീസ് ആവശ്യത്തിനും ചെയർമാന് ഉപയോഗിക്കുന്നതിലേക്കുമായി നഗരസഭയിലുള്ള രണ്ട് വാഹനങ്ങൾ സൂക്ഷിക്കുന്നതിന് നഗരസഭയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ധനപരമായ ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-7 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 പ്രകാരം വാർഷിക കണക്കിൽ കണ്ടെത്തിയ അപാകതകളിൽ, ചുവടെപ്പറയുന്ന അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. രേഖകളുടെയും രജിസ്റ്ററുകളുടെയും അഭാവത്തിൽ വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ പരിശോധിച്ച് കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. സമർപ്പിച്ചിട്ടുള്ള വാർഷിക കണക്കിലും വരവ്, ചെലവ്, നീക്കിയിരിപ്പ് കണക്കിലും കൃത്യതയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അരിയർ | ഡിമാന്റ് | കളക്ഷൻ | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|---|
| | 1879239<br>(17-18;B-15) | 4305672<br>(RP-37) | 595531<br>(18-19;B-15) | ഡിമാന്റ് തുകയേക്കാൾ 2426433/- രൂപ കളക്ഷൻ അധികമാണെങ്കിലും |

| | | | | |
|---|---|---|---|---|
| | | | | കുടിശ്ശികയുടെ നീക്കിയിരിപ്പ് 595531/- രൂപ അക്കൗണ്ടിൽ കാണിച്ചിട്ടുണ്ട്. |
| തൻവർഷം | 7515213 (1-1;18-19 | 7035235 RP-37 | 855738 (18-19;B-15) | നീക്കിയിരിപ്പ് തുക 479978/- രൂപക്ക് പകരം 855738/- രൂപയാണ് വാർഷിക കണക്കിൽ കാണിച്ചത് |

2. എ)തൊഴിൽ നികുതി ട്രേഡേഴ്സ് ഡിമാന്റ് കലക്ഷൻ ബാലൻസ് തുകകൾ ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് | റിമാർക്ക് |
|---|---|---|---|---|
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | 1297340 | 1114840 | 182500 | ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല |
| വാർഷിക കണക്ക് പ്രകാരം | 1214500 | 1114331 | 100169 | |

2. ബി)തൊഴിൽ നികുതി(എംപ്ലോയിസ്) സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാനായിട്ടില്ല.
3. തൊഴിൽ നികുതി കുടിശ്ശിക തുകകൾ പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമാക്കിയിട്ടില്ല.
4. ലൈബ്രറി സെസ് പിരിച്ചെടുത്ത തുകകൾ 30.09.2017ന് ശേഷമുള്ളത് സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സൂക്ഷിച്ചിരിക്കുന്നു
5. ഷെഡ്യൂൾ B-7(ഡെപ്പോസിറ്റ് റിസീവബിൾ) പ്രകാരമുള്ള ഡെപ്പോസിറ്റുകളിൽ ഡെപ്പോസിറ്റുകൾ നിയമ പരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ നീക്കിയിരിപ്പുണ്ട്.

ഉദാഹരണം – ലഭ്യമാക്കിയ രേഖകൾ പ്രകാരം, കോൺട്രാക്ടേഴ്സ് EMD 385598/- രൂപ, ഇലക്ഷൻ ഡെപ്പോസിറ്റ് 555432/-രൂപ എന്നിവ 1-4-15 മുതൽ മുന്നിരിപ്പായി കാണിച്ചിട്ടുണ്ട്.

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 01.04.15 മുതൽ ഡപ്പോസിറ്റ് വർക്ക് ഇനത്തിൽ 980000/- രൂപ മുന്നിരിപ്പായി കാണിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6. ബി-4 ഷെഡ്യൂൾ പ്രകാരം സർക്കാർ/ഏജൻസികൾ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ള ഗ്രാന്റുകൾ ഉൾപ്പടെ 28586019/-രൂപ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. വിവിധ അക്കൗണ്ടുകളിലായി സൂക്ഷിച്ചിരിക്കുന്ന തുകകളുടെ വരവ് ചെലവ് നീക്കിയിരിപ്പ് വിശദാംശങ്ങൾ മനസിലാക്കുന്നതിന് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.
7. ഡി & ഒ ലൈസൻസ് രജിസ്റ്റർ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കണക്കിലെ കൃത്യത പരിശോധിക്കാനായിട്ടില്ല.
8. ബി-18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് 76000/- രൂപയുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
9. ബി-18 ഷെഡ്യൂൾ 460500101 പ്രകാരമുള്ള 150000/- രൂപ കോഡ് 460500204 പ്രകാരമുള്ള 1100/- രൂപ, 460500304 പ്രകാരമുള്ള 20000/- രൂപ എന്നി മുൻകൂർ തുകകളുടെ വിശദാശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
10. ബി-18ഷെഡ്യൂൾ (460600100) ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് തുക 251608/- രൂപയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
11. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല.
12. ഇൻകം & എക്സ്പെൻഡിച്ചർ കോഡ് 272000000 പ്രകാരം 8595780/- രൂപ ഡിപ്രീസിയേഷൻ ഇനത്തിൽ കാണിച്ചിട്ടുണ്ട് ആയതിന്റെ ഇനം, നിരക്ക് മറ്റു വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

13. ലയബിബിറ്റി ഇൻ റെസ്പെക്ട് ഓഫ് സ്റ്റേയിൽ ചെക്ക് ഇനത്തിൽ(ബി-9) 13000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അക്കൗണ്ട് നമ്പർ 18-ൽ (സിൻഡിക്കേറ്റ് ബാങ്ക്) റീകൺസിലിയേഷൻ സ്റ്റേറ്റ്മന്റ് പ്രകാരം 30273/-രൂപ ഈ ഇനത്തിൽ കാണിച്ചിട്ടുണ്ട്

14. വാടകയിനത്തിലുള്ള വരവ്, നീക്കിയിരിപ്പ് തുകകൾ രജിസ്റ്റർ പ്രകാരം പൊരുത്തപ്പെടുത്തിയിട്ടില്ല.

15. വാർഷിക കണക്ക് പ്രകാരം ബുക്ക് ചെയ്ത ബിൽഡിംഗ് പെർമിറ്റ് ഇനത്തിലെ വരവ് തുക രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

16. ബാങ്ക് ബുക്കുകൾ ക്യാഷ് ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

17. ബാങ്ക് അക്കൗണ്ടുകളിലെ റീകൺസിലിയേഷൻ എല്ലാ മാസവും തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 3/2019-ലെ റീകൺസിലിയേഷൻ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

18. കൊടുവള്ളി സർവ്വീസ് കോർപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് (609) പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് 46365/- രൂപയാണ്. എന്നാൽ ബാങ്ക് ബുക്കിൽ ഇത് 21686/- രൂപയാണ്. ടി അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

19. ബി-17, 40(ബി) സ്റ്റേറ്റ്മന്റുകൾ പ്രകാരം ട്രഷറി തനത് ഫണ്ട് VPFA 1, 2 അക്കൗണ്ടിൽ 6449/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മന്റ് പാസ് ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല.

20. സിൻഡിക്കേറ്റ് ബാങ്കിലെ അയ്യങ്കാളി ബാങ്ക് അക്കൗണ്ടിൽ (5818) റീകൺസിലിയേഷൻ സ്റ്റേറ്റ്മന്റ് പ്രകാരം ബാങ്ക് ബാലൻസ് 3308095/-രൂപയാണ് കാണിച്ചത്, എന്നാൽ പാസ് ബുക്കിൽ 333219.81രൂപ നീക്കിയിരിപ്പുണ്ട്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

21. സിൻഡിക്കേറ്റ് ബാങ്ക് തനത് ഫണ്ട് അക്കൗണ്ട്സ് റീകൺസിലിയേഷൻ സ്റ്റേറ്റ്മന്റ് പ്രകാരം നൽകിയിട്ടുള്ള ചെക്കുകൾ (776121/7.7.18 - 54168/- രൂപ, 776128/7.7.18 – 35446/- രൂപ, 109130/19.5.18 – 6000/- രൂപ) ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും 31.3.19 വരെ collection ആയിട്ടില്ല.

## 1-8 പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ വെക്കുന്നതിലുള്ള കാലതാമസം

മുനിസിപ്പൽ എഞ്ചിനീയർ 2018-19 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ നടപടിക്രമങ്ങളിൽ വീഴ്ച വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് (നമ്പർ, പേര്) | ചെലവ് തുക, ഫണ്ട് | ചെലവ് വിശദാംശം (ട്ര.ബിൽ നമ്പർ/ ചെക്ക് നമ്പർ ) | സെലക്ഷൻ നോട്ടീസ് നമ്പർ, തീയതി (ae/kdly) | നോട്ടീസ് കൈപ്പറ്റിയ തീയതി | എഗ്രിമെന്റ് നമ്പർ, തീയതി | കരാറുകാരൻ | ടി.എസ് നമ്പർ | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) |
|---|---|---|---|---|---|---|---|---|---|---|
| 1. | 64/19, പൂവ്വറമ്മൽ കരിവില്ലി ക്കാവ് റോഡ് റിപ്പയർ. | 3 ലക്ഷം രൂ, MG(R) | 107/ 11.3.19 | 103/ 18-19, 1.11.18 | - | 132/ 18-19, 1.12.18 | അബ്ദുൾ ലത്തീഫ് എ.കെ | 14832/ 18-19 | 299925 | 2999 |
| 2. | 47/19, കാവിൽ തച്ചോട്ട | 3 ലക്ഷം രൂ, MG(R) | 132/ 26.3.19 | 99/ 18-19, 1.11.18 | - | 134/ 18-19, 1.12.18 | അബ്ദുൾ ലത്തീഫ് | 23836/ 18-19 | 299829 | 2998 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | കുന്നുമ്മൽ റോഡ് | | | | | | | | | |
| 3. | 330/19, കാരാട്ട പൊയിൽ മഞ്ചപ്പാറ കരുവൻ പൊയിൽ റോഡ് രണ്ടാംഘട്ടം | 198683 രൂ, (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 99/ 12.3.19 | 134/ 18-19, 1.11.18 | 8.11.18 | 121/ 18-19, 24.11.18 | കമറുദ്ദീൻ. സി.എം | 83815/ 18-19 | 198768 | 1988 |
| 4. | 173/19, നെല്ലാംകണ്ടി അങ്കണവാടി | 50000 രൂ, MG(NR) | 135/ 21.3.19 | 140/ 18-19, 4.12.18 | - | 161/ 18-19, 15.1.19 | അബ്ദുൾ റസാക്ക് സി.പി | 58965/ 18-19 | 48106.5 | 481 |
| 5. | 212/19, പറോപ്പഞ്ഞി അങ്കണവാടി റിപ്പയർ | 149595 രൂ, MG(NR) | 111/ 11.3.19 | 90/ 18-19, 22.9.18 | - | 96/ 18-19, 16.10.18 | അബ്ദു റഹിമാൻ.പി | 45705/ 18-19 | 149905 | 1499 |
| 6. | 205/19, കാരക്കുന്ന് കോളനി റോഡ് | 2 ലക്ഷം രൂ, SCP | 83/ 12.3.19 | 122/ 18-19, 1.11.18 | 8.11.18 | 119/ 18-19, 24.11.18 | സി.എം. കമറുദ്ദീൻ | 58977/ 18-19 | 199597 | 1996 |
| 7. | 27/19, ചാത്തരുകണ്ടി വട്ടോത്ത് പുറായിൽ റോഡ് ടാറിങ് | 1 ലക്ഷം രൂ (വികസന ഫണ്ട്) , 1 ലക്ഷം രൂ (തനത് ) | 90/ 23.3.19 ചെക്ക് നം. 217743 / 31.3.19 | 94/ 18-19, 1.11.18 | - | നമ്പർ ഇല്ല, 1.12.18 | അബ്ദുൾ ലത്തീഫ് | 23723/ 18-19 | 198810 | 1988 |
| 8. | 112/19, തോട്ടത്തിൽ കായക്കുന്ന് റോഡ് | 2 ലക്ഷം രൂ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ), 1 ലക്ഷം രൂ (തനത്) | 124/ 20.3.19 , ചെക്ക് നം 217743 / 31.3.19 | 46/ 18-19, 22.9.18 | - | 94/ 18-19, 16.10.18 | അബ്ദു റഹിമാൻ.പി | 13631/ 18-19 | 299782 | 2998 |
| 9 | 72/19, കാവിൽ റോഡ് | 1 ലക്ഷം രൂ (വികസനം), 1 ലക്ഷം രൂ (തനത്) | 82/ 10.1.19 , ചെക്ക് നം 217715/ 8.3.19 | 113/ 18-19, 1.11.18 | - | 122/ 18-19, 26.11.18 | പി.കെ. കണ്ടൻ | 14824/ 18-19 | 199855 | 1999 |
| 10 | 183/19, വാവാട് സ്ക്കൂൾ റോഡ് റീടാറിങ് | 140000/- രൂ, MG(R) | 139/ 20.3.19 | 110/ 18-19, 1.11.18 | - | 129/ 18-19, 27.11.18 | യു.കെ. സുബൈർ | 26601 18-19 | 139906 | 1399 |
| 11 | 314/19, മദ്രസ ബസാർ പൊതുകിണർ | 452056/-, (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 117/ 21.3.19 | 351/ 17-18, 4.4.18 | - | 6/18-19, 27.4.18 | അബ്ദു റഹിമാൻ.പി | 95095 17-18 | 488390 | 4884 |
| 12 | 129/19, തണ്ണിക്കുണ്ടുങ്ങൽ റോഡ് സൈഡ് കെട്ടൽ | 120000/- രൂ, (തനത്) | 1965276/ 31.03.19 | 64/ 18-19, 29.12.18 | - | 177/ 18-19, 21.01.19 | അൻവർ സാദിഖ്. പി.സി | 83772 18-19 | 117693 | 1177 |
| 13 | 111/19, മദ്രസ ബസാർ - ഹരിജൻകോളനി റോഡ് | 1 ലക്ഷം രൂ, (തനത്) | 217743/ 31.3.19 | 45/ 18-19, 22.9.18 | - | 93/ 18-19, 16.10.18 | അബ്ദു റഹിമാൻ.പി | 7737 18-19 | 199161 | 1992 |
| 14 | 204/19, ആനപ്പാറ ഞെള്ളോറ കോളനിറോഡ് | 250000/- രൂ, (SCP) | 61/ 26.12.19 | 88/ 18-19, 22.9.18 | - | 101/ 18-19, 22.10.18 | പി.കെ. കണ്ടൻ | 53800 18-19 | 249932 | 2499 |
| 15 | 147/19, | 223966/- രൂ, | 77/ | 130/ | - | 140/ | സി.എം. | 89082 | 248515 | 2485 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | പുതുക്കുടിക്കുന്ന് എസ്.സി കോളനിറോഡ് | (SCP) | 10.1.19 | 18-19, 1.11.18 | | 18-19, 6.12.18 | ഗോപാലൻ | 18-19 | | |
| 16 | 152/19, ആർ.സിമുക്ക് ഞെള്ളോറ റോഡ് റീടാറിങ് | 147046/-രൂ, MG(R) | 125/ 20.3.19 | 107/ 18-19, 1.11.18 | - | 125/ 18-19, 27.11.18 | വി.കെ. സുബൈർ | 23112 18-19 | 149021 | 1490 |
| ആകെ | | | | | | | | | | 34872 |

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി നമ്പർ കത്ത് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്ക് അയക്കേണ്ടതുണ്ട്. ഈ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ ശേഷം 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC തുകയുടെ 1 % പിഴ ഈടാക്കിയാണ് കരാർ വെക്കേണ്ടത്. 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. ഭൂരിഭാഗം സെലക്ഷൻ നോട്ടീസുകളിലും അവ കരാറുകാർ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. പി.ഡബ്ള്യു.ഡി മാന്വൽ ഖണ്ഡിക 2009-6 പ്രകാരം, ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകം സെലക്ഷൻ നോട്ടീസ് രജിസ്റ്റേർഡ് പോസ്റ്റ് / കൊറിയർ / ഇ-മെയിൽ മുഖേന തെരഞ്ഞെടുത്ത കരാറുകാരന് നല്കണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തീയതി, നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്. സെലക്ഷൻ നോട്ടീസിൽ കൈപ്പറ്റ് തീയതി രേഖപ്പെടുത്താത്ത പ്രവൃത്തികളിൽ, നോട്ടീസ് തീയതിക്ക് 3 ദിവസത്തിനകം കത്ത് രജിസ്റ്റർ ചെയ്തതായി കണക്കാക്കിയാൽ പോലും കരാർ ഒപ്പിട്ടത് വൈകിയാണെന്ന കാണാവുന്നതാണ്. ഈടാക്കേണ്ട പിഴ 34872/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-9 പ്രവൃത്തി പൂർത്തീകരണം വൈകി - കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2018-19 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് (നം,പേര്) | ചെലവഴിച്ച തുക (രൂ), ഫണ്ട് | ചെലവ് വിശദാംശം (ട്ര.ബി.നം/ ചെക്ക് നമ്പർ) | ടി.എസ് നമ്പർ, ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | എഗ്രി. നമ്പർ, തിയ്യതി | എം.ബുക്ക് നമ്പർ, എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തീയതി | പി.എ.സി തുക (രൂ) | കരാറുകാരൻ | ഈടാക്കേണ്ട പിഴ (രൂ) |
|---|---|---|---|---|---|---|---|---|---|
| 1. | 321/19, പെരിക്കണ്ടി ഉണ്ണിച്ചീരാം വീട് റോഡ് | 107798/- (തനത്), 280000/- (MG-R) | ചെക്കനം 0208665/ 19.12.18, ട്ര.ബി നമ്പർ 35/11.12.18 | 102035/ 17-18 3 മാസം | 120/17-18 തീയതി 17.3.18 | 5/18-19 , 28.11.18 | 399080 | കമറുദ്ദീൻ സി.എം | 11972 (പി.എ.സി തുകയുടെ 3%) |
| 2. | 265/19, കളരാന്തിരി കല്ലള്ളി ക്കടവ് റോഡ് | 77441/- (MG-R) | 64/10.1.19 | 102024/ 17-18, 2 മാസം | 119/17-18 തിയ്യതി 17.3.18 | 111/18-19, 19.12.18 | 98249 | കമറുദ്ദീൻ സി.എം | 2947 (പി.എ.സി തുകയുടെ 3%) |
| 3. | 12/19, വാവാട് പോർങ്ങട്ടൂർ റോഡ് റീടാറിങ് | 3 ലക്ഷം (MG-R), 1 ലക്ഷം (തനത്) | 141/29.3.19, ചെക്ക് നം 2813375 തിയ്യതി 23.7.19 | 35272/ 18-19, 4 മാസം | നമ്പർ ഇല്ല , 11.10.18 | 165/18-19, 13.3.19 | 399669 | അൻവർ സാദിഖ് പി.സി | 3997 (പി.എ.സി തുകയുടെ 1%) |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4. | 140/19, വാഴപ്പുറം ആട്യേരി റോഡ് | 2 ലക്ഷം (ധനകാര്യ കമ്മീഷൻ ഗ്രാൻറ്), 140000/- (തനത്) | 102/11.3.19, ചെക്ക് നം. 217720 തിയ്യതി 19.3.19 | 23136/ 18-19, 3 മാസം | 53/ 18-19, 6.10.18 (S.H.O തിയ്യതി 8.10.18) | 137/18-19, 7.2.19 | 339002 | പ്രമോദ് കെ.എം | 3390 (പി.എ.സി തുകയുടെ 1%) |
| 5. | 197/19, പൂക്കോട് എസ്.സി കോളനി റോഡ് | 199920/- എസ്.സി.പി | 143/20.3.19 (ബുക്ക് നം. 2) | 53768/ 18-19, 4 മാസം | 88/ 18-19, 11.10.18 | 176/18-19, 15.3.19 | 199822 | അൻവർ സാദിഖ് | 1998 (പി.എ.സി തുകയുടെ 1%) |
| ആകെ | | | | | | | | | 24304 |

മേൽ പരാമർശിച്ച എല്ലാ പ്രവൃത്തികളും കരാർ പ്രകാരം പൂർത്തീകരിക്കേണ്ട കാലാവധിയിലും വൈകിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിലൊന്നും തന്നെ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അസിസ്റ്റൻറ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ല. ക്രമ നമ്പർ 4 ൽ മാത്രമേ site hand over തീയതി രേഖപ്പെടുത്തിയിട്ടുള്ളൂ. കരാറുകാരുമായി ചമച്ച എഗ്രിമെൻറുകൾ പ്രകാരം കരാർ തീയതി മുതൽ 10 ദിവസത്തിനകം പ്രവൃത്തി സ്ഥലം, കരാറുകാരൻ കൈപ്പറ്റേണ്ടതും സ്ഥലം കൈപ്പറ്റി 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരണം വൈകിയതിന്, 1.02.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യു.ഡി നമ്പർ ഉത്തരവ് സെക്ഷൻ 2112-1 പ്രകാരമുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലാവധി ഒറ്റത്തവണ ദീർഘിപ്പിക്കുന്നത്, കരാർ കാലാവധിയുടെ 25 ശതമാനത്തിലധികം അധികരിക്കാവതല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ ഒരു ശതമാനവും ആദ്യതവണക്ക് ശേഷം ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. ഇത്തരത്തിൽ ഈടാക്കേണ്ടിയിരുന്ന പിഴ 24304/- രൂ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-10 ചോലയിൽ കുടിവെള്ള പദ്ധതി - പ്രോജക്ട് നടത്തിപ്പിലെ അപാകത

2018-19 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 249/19 |
| പ്രോജക്ട് | ചോലയിൽ കുടിവെള്ള പദ്ധതി |
| വകയിരുത്തിയ തുക | 971841/- രൂപ |
| ചെലവഴിച്ച തുക | 931210/- രൂപ |
| ഫണ്ട് | തനത് ഫണ്ട് |
| ചെക്ക് നമ്പർ/തീയതി/ തുക | 9691642/9.5.18<br>തുക – 922707/- രൂപ<br>9691644/9.5.18<br>തുക – 8503/- രൂപ |
| എം.ബുക്ക് നമ്പർ | 78/17-18, 68/16-17 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 1659369/- രൂപ |
| കരാറുകാരൻ | ശ്രീ.അബ്ദുറഹിമാൻ.പി |

2016-17 സാമ്പത്തിക വർഷം മുതൽ തുക വകയിരുത്തിയിരിക്കുന്ന കുടിവെള്ള പ്രോജക്ടാണിത്. പദ്ധതിക്കു വേണ്ടി കിണർ, പമ്പ് ഹൌസ്, ജലസംഭരണി, വിതരണ ലൈൻ എന്നിവ നിർമ്മിച്ചിട്ടുണ്ട്. 45 വീടുകൾക്ക് കുടിവെള്ളം നല്കുന്നതിനാണ് ഈ പ്രോജക്ടിൽ ആദ്യം വിഭാവനം ചെയ്തത്. 17 ലക്ഷം രൂ അടങ്കലുള്ള ഈ പ്രോജക്ടിന് 25.1.2016 തീയതിയിലെ EE/LSGD/GP/36/2015-16 പ്രകാരം ടി.എസ് ലഭിച്ചു. പിന്നീട് ജലലഭ്യത കൂടുതലുണ്ട് എന്ന കാരണത്താൽ എസ്റ്റിമേറ്റ് പുതുക്കുകയും 17 ലക്ഷം രൂപ അടങ്കൽ മാറ്റം വരാതെ 15.2.2018 തീയതിയിലെ EE/LSGD/RE/MP(61)/ 36/2015-16 പ്രകാരം അനുമതി വാങ്ങുകയും ചെയ്തു. പ്രോജക്ട് 2018-19 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

പദ്ധതി പ്രദേശം ഓഡിറ്റ് ടീം സന്ദർശിച്ചതിൽ, പ്രോജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ഏതൊക്കെ നമ്പർ വീടുകളിലാണ് കണക്ഷൻ നല്കുന്നത് എന്നു കാണിച്ചു കൊണ്ടുള്ള ജല വിതരണ ഭൂപടം (distribution map) ഫയലിൽ ലഭ്യമല്ല. ഇതുകൊണ്ടുതന്നെ പ്രോജക്ട് പ്രകാരം ഏതെല്ലാം വീടുകളിൽ കണക്ഷൻ നല്കാൻ ഉദ്ദേശിച്ചു എന്നും ഇത് എത്രത്തോളം പ്രാവർത്തികമാക്കി എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. 29.01.2018 തിയ്യതിയിലെ സ.ഉ(കൈ)11/2018/തസ്വഭവ ഖണ്ഡിക നമ്പർ 13.1 പ്രകാരമുള്ള വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി കാണുന്നില്ല.
3. പൂർത്തീകരിച്ച കുടിവെള്ള പ്രോജക്ടുകളുടെ സംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണി എന്നിവ ഗുണഭോക്തൃ സമിതിയുടെ ചുമതലയാണ്. കരാർ വെച്ച് ഈ ചുമതലകൾ ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയതായി കാണുന്നില്ല.
4. പദ്ധതിയുടെ കിണർ, ജലസംഭരണി എന്നിവ സ്ഥാപിച്ചിരിക്കുന്നത് സ്വകാര്യ വ്യക്തികളുടെ സ്ഥലത്താണ്. ഈ സ്ഥലങ്ങളോ നിർമ്മിതികളിലേക്കുള്ള വഴിയോ സ്വകാര്യ വ്യക്തികളിൽ നിന്നും മുനിസിപ്പാലിറ്റിക്ക് കൈമാറിക്കിട്ടിയതിന്റെ രേഖകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

പരാമർശങ്ങളിന്മേൽ വിശദീകരണം നൽകേണ്ടതാണ്. പദ്ധതി നടത്തിപ്പിൽ വ്യക്തത ഇല്ലാത്തതിനാൽ 931210/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. പദ്ധതി കമ്മിഷൻ ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-11 പ്രോജക്ടുകൾ നടപ്പാക്കിയില്ല - വകയിരുത്തിയ 73.496 ലക്ഷം രൂപ പാഴായി

2018-19 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്നതിന് തുക വകയിരുത്തിയ നിരവധി പ്രോജക്ടുകൾ തൻവർഷം നടപ്പാക്കാൻ സാധിക്കാതെ വന്നതിനാൽ വകയിരുത്തിയ തുകയിൽ 73,49,645/- രൂപ പാഴായി. ഇത്തരത്തിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട് | വകയിരുത്തിയ തുക (രൂ) | ചെലവഴിച്ച തുക (രൂ) | പാഴായ വകയിരുത്തൽ (രൂ) | ചെലവ് ശതമാനം (രൂ) |
|---|---|---|---|---|---|
| 1. | വികസന ഫണ്ട് (പൊതുവിഭാഗം) | 9276375 | 5604947 | 3671428 | 60.42 |
| 2. | എസ്.സി.പി | 3467204 | 2542490 | 924714 | 73.3 |
| 3. | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 10485000 | 6411113 | 4073887 | 61.1 |
| 4. | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 15370324 | 8365178 | 7005146 | 54.42 |

| | | | | | |
|---|---|---|---|---|---|
| 5. | മെയ്യിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 4727000 | 3052530 | 1674470 | 64.75 |
| | | 3325903 | 5976258 | 7349645 | |

നടപ്പാകാത്തതിൽ 27 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്.

പൊതുമരാമത്ത് പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ട പൊതുവായ മറ്റ് അപാകതകൾ താഴെപ്പറയുന്നു.

1. മുനിസിപ്പാലിറ്റിയുടെ ആസ്തി രജിസ്റ്റർ 2018-19 വർഷത്തെ വിവരങ്ങൾ കൂടി ചേർത്ത് കാലികമാക്കിയിട്ടില്ല.
2. മുനിസിപ്പാലിറ്റിയിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് 29.01.2018 തീയതിയിലെ സ.ഉ.(കൈ)11/2018/ ത.സ്വ.ഭ.വ ഖണ്ഡിക 7.13(1) പ്രകാരം സർക്കാർ നിർദ്ദേശം നല്കിയിട്ടുള്ളതാണ്.
3. 2018-19 വർഷത്തെ ചെലവ് സ്റ്റേറ്റുമെന്റ് ഐ.കെ.എം വിഭാഗം തയ്യാറാക്കിയതിൽ പിഴവുള്ളതായി കാണുന്നു. താഴെപ്പറയുന്ന പ്രോജക്ടിന്റെ ഐ.കെ.എം സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് വിശദാംശത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ തുക (രൂ) | ചെലവഴിച്ച തുക | ട്രഷറി ബിൽ നമ്പർ/ തിയ്യതി, തുക (രൂ) | ചെക്ക് നമ്പർ, തിയ്യതി,തുക (രൂ) |
|---|---|---|---|---|
| 12/19, വാവാട് പോർങ്ങട്ടൂർ റോഡ് റീടാറിങ് | 1 ലക്ഷം രൂ (തനത് ഫണ്ട്), 3 ലക്ഷം രൂ (മെയിന്റനൻസ് ഗ്രാന്റ് -റോഡ്) | 4 ലക്ഷം രൂ | 141/29.3.19, (3 ലക്ഷം രൂ) | 2813375/23.7.19 (1 ലക്ഷം രൂ) |

തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 1 ലക്ഷം രൂ 2019-20 സാമ്പത്തിക വർഷത്തേതാണെന്ന് വ്യക്തമാണെങ്കിലും ഐ.കെ.എം തയ്യാറാക്കിയ ചെലവ് സ്റ്റേറ്റുമെന്റ് പ്രകാരം ആയത് 2018-19 വർഷത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുപോലെ പ്രോജക്ട് നമ്പർ 30/19 (കുണ്ടിൽത്തൊടുക അടിമാരിക്കര റോഡ്) എന്ന പ്രോജക്ടിലും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 149910/- രൂ ചെക്ക് നമ്പർ 383277 തീയതി 4/10/19 പ്രകാരം ചെലവഴിച്ചതാണെങ്കിലും 2018-19 വർഷത്തെ ചെലവ് സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ടതായാണ് കാണുന്നത്.

4. 29.01.2018 തിയ്യതിയിലെ സ.ഉ.(കൈ)11/2018/തസ്വഭവ ഖണ്ഡിക 13.1 പ്രകാരം പ്രോജക്ടുകളുടെ മോണിറ്ററിങ് അതാത് വർക്കിങ് ഗ്രൂപ്പുകളുടെ ചുമതലയാണ്. അതായത് പൊതുമരാമത്ത് പ്രോജക്ടുകളുടെ മോണിറ്ററിങ് നിർവ്വഹിക്കേണ്ടത് പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പ് ആണ്. എന്നാൽ ഈ വർക്കിങ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. 17.3.2018 നു ശേഷം വർക്കിങ് കമ്മിറ്റി യോഗം ചേർന്നത് 27.12.2018 ലാണ്. പിന്നീട് 4.2.2020 ലും. പ്രോജക്ടുകളുടെ നിർവ്വഹണം, മോണിറ്ററിങ് എന്നിവ വർക്കിങ് ഗ്രൂപ്പിൽ ചർച്ച ചെയ്തിട്ടില്ല.

5. പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റിയുടെ മിനുട്ട്സ് ബുക്ക് പരിശോധിച്ചതിൽ 2018-19 വർഷത്തെ സംബന്ധിക്കുന്ന ഭാഗത്ത് പേജ് നമ്പർ 69 മുതൽ 74 വരെ ഒന്നും രേഖപ്പെടുത്താതെ ഒഴിച്ചിട്ടതായി കാണുന്നു.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-12 ഫുട്ബോൾ ടൂർണ്ണമെന്റിനു വേണ്ടിയുള്ള താത്ക്കാലിക ഗ്യാലറി നിർമ്മാണം - അനുമതി നല്കിയതിലെ അപാകത

കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി മുനിസിപ്പാലിറ്റിയുടെ മിനി സ്റ്റേഡിയത്തിൽ 2020 ജനുവരി 5 മുതൽ ഫെബ്രുവരി 10 വരെ കൊയപ്പ ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തുന്നതിന് ലൈറ്റ്നിങ് ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്, കൊടുവള്ളി എന്ന സംഘടനക്ക് സ്റ്റേഡിയം



വിട്ടുനല്കിയതുമായി ബന്ധപ്പെട്ട R2-10321/19 നമ്പർ ഫയൽ പരിശോധിച്ചു. 31.10.2019 തീയ്യതിയിലാണ് പ്രസ്തുത ഫയൽ ആരംഭിച്ചിരിക്കുന്നത്. ക്ലബ് സെക്രട്ടറി സ്റ്റേഡിയം വിട്ടുകിട്ടുന്നതിന് വേണ്ടി മുനിസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 25.10.2019 തിയ്യതിയിലാണ്. ഗ്രൌണ്ട് ഫീസ് ആയി 44030/- രൂ ചെക്ക് നമ്പർ 042341/5.1.2020 പ്രകാരം ഈടാക്കിയിട്ടുണ്ട്. കൂടാതെ 250000/- രൂ മുനിസിപ്പൽ ചെയർപേഴ്സൻറെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി സംഘാടകരിൽ നിന്നും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് (14.1.2020 തിയ്യതിയിലെ 005679, 005680, 10.1.2020 തീയ്യതിയിലെ 005678 നമ്പർ ചെക്കുകൾ മുഖേന യഥാക്രമം 1 ലക്ഷം രൂ, 50000/- രൂ, 1 ലക്ഷം രൂപ). ടൂർണ്ണമെന്റ് നടത്തുന്നതിന് സംഘാടകർക്ക് മുനിസിപ്പാലിറ്റി അനുമതി നല്കിയത്, 1965 വർഷത്തെ Kerala Places of Public Resort Rules പ്രകാരമാണ്. PPR ലൈസൻസ് ഫീസ് ഇനത്തിൽ താഴെ പറയും പ്രകാരം തുക ഈടാക്കിയാണ് ടൂർണമെന്റിന് അനുമതി നല്കിയത്.

10.1.2020 മുതൽ 12.1.2020 വരെ -2790/- രൂ

13.01.2020 മുതൽ 20.01.2020 വരെ -7440/- രൂ

21.1.2020 മുതൽ 8.2.2020 വരെ – 17670/- രൂപ

(ചെക്ക് നമ്പർ 119010107498/10.01.2020 – 2985/-രൂ, 119010107621/14.01.2020– 7960/-രൂപ, 119010107931/21.01.2020 – 18905/- രൂപ)

മുനിസിപ്പൽ കൗൺസിലിന്റെ 30.11.2019 തിയ്യതിയിലെ 9 ാം നമ്പർ തീരുമാനം പ്രകാരമാണ് സ്റ്റേഡിയം ടൂർണ്ണമെന്റിനായി വിട്ടുകൊടുത്തത്. മുനിസിപ്പാലിറ്റി സ്റ്റേഡിയത്തിൽ ഒരു വശത്ത് മാത്രമേ സ്ഥിരം ഗ്യാലറി സംവിധാനം നിലവിലുള്ളൂ. ആയതിനാൽ ഗ്രൗണ്ടിനു ചുറ്റും ബാക്കിയുള്ള ഭാഗങ്ങളിൽ മുള, കവുങ്ങ് എന്നിവ ഉപയോഗിച്ച് താൽക്കാലിക ഗ്യാലറി കെട്ടി ഉയർത്തിയാണ് ടൂർണമെന്റ് നടത്തിയത്. ഓഡിറ്റ് ടീം സ്ഥലം പരിശോധിച്ചു കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു.

1. ഫുട്ബോൾ മത്സരം നടന്നത് 2020 ഫെബ്രുവരി 10 വരെയാണ്. എന്നാൽ അനുമതി നല്കി പി.പി.ആർ ലൈസൻസ് നല്കിയത് 8.2.2020 വരെയും. 9.2.2020, 10.02.2020 തീയ്യതികളിലെ സ്റ്റേഡിയം ഉപയോഗത്തിന് അനുമതി ലഭിച്ചിട്ടില്ല.

2. പി.പി.ആർ. ലൈസൻസ് നല്കുന്നതിന് മുന്നോടിയായി പരിശോധിച്ച് ഫിറ്റ്നസ് നല്കുവാൻ മുനിസിപ്പൽ എഞ്ചിനീയർക്ക് മുനിസിപ്പൽ സെക്രട്ടറി നിർദ്ദേശം നല്കിയതായി ഫയലിൽ കാണുന്നുണ്ടെങ്കിലും ആയത് നല്കിയിട്ടില്ല. തുടർന്ന് ക്ലബ് ജനറൽ കൺവീനർ പി.ടി.എ ലത്തീഫ്, എൽ.എസ്.ജി.ഡി കൊടുവള്ളി സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിക്കുകയും (നമ്പർ/തിയ്യതി ഇല്ല), ഈ കത്തിന്റെ ഒരു വശത്ത് അസിസ്റ്റന്റ് എക്സ്സിക്യൂട്ടീവ് എഞ്ചിനീയർ 3500 പേരെ ഉൾക്കൊള്ളാവുന്ന താത്ക്കാലിക ഗ്യാലറിക്ക് 20.01.2020 തീയ്യതി വരെ structural stability certificate സ്വന്തം കൈപ്പടയിൽ എഴുതി നല്കുകയും ചെയ്തു. ഈ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് PPR ലൈസൻസ് അനുവദിച്ചത്. തുടർന്ന് 20.01.2020 തീയ്യതിയോടെ ക്ലബ് സെക്രട്ടറി stability certificate പുതുക്കുന്നതിന് ഇതേ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിക്കുകയും ടി ഉദ്യോഗസ്ഥൻ 08.02.2020 തീയതി വരെ ആയത് പുതുക്കി നല്കുകയും ചെയ്തു.

എന്നാൽ ഇവിടെ നിർമ്മിച്ച താൽക്കാലിക ഗ്യാലറിക്ക് 1999 വർഷത്തെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ഉണ്ടായിരുന്നില്ല. 7.11.2019 തീയ്യതിക്ക് മുൻപ് അപേക്ഷ സമർപ്പിക്കപ്പെട്ട വിഷയമായതിനാൽ തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് 20.11.2019 തീയതി പുറത്തിറക്കിയ 201/ആർ.ഡി1/2019/ത.സ്വ.ഭ.വ സർക്കുലർ ഇവിടെ ബാധകമാകുന്നില്ല. 1999 ലെ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 30(e) പ്രകാരമുള്ള മത്സര വീക്ഷണ സ്ഥലങ്ങൾ/ സ്റ്റേഡിയങ്ങൾ എന്നിവയിൽപ്പെടുന്ന കെട്ടിട ഭാഗമാണ് ഇവിടെ നിർമ്മിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള താൽക്കാലിക കെട്ടിടങ്ങൾക്ക് ചട്ടങ്ങളിൽ നിന്നും ഇളവ് നല്കിയിട്ടില്ല. മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 87 പ്രകാരം താൽക്കാലിക കുടിലുകൾ, ഷെഡ് എന്നിവ മുനിസിപ്പൽ പരിധിക്കകത്ത് നിർമ്മിക്കുന്നതിന് പോലും കെട്ടിട നിർമ്മാണ പെർമിറ്റ് ആവശ്യമാണ്. ഇത്തരം നിർമ്മാണങ്ങളിൽ ഭൂമി അപേക്ഷകന്റെ ഉടമസ്ഥതയിലുള്ളതല്ലെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രത്തോടൊപ്പം പെർമിറ്റിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് ചട്ടങ്ങൾ അനുശാസിക്കുന്നു. താൽക്കാലിക നിർമ്മാണം ഏത് കാലാവധിക്കപ്പുറം നിലനിർത്താൻ പാടുള്ളതല്ലെന്ന് വ്യക്തമാക്കി കൊണ്ടാണ് പെർമിറ്റ് നൽകേണ്ടത്. മുനിസിപ്പൽ പരിധിക്കകത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുവദനീയമായ സുരക്ഷിതമായ നിർമ്മാണങ്ങൾ മാത്രമേ പാടുള്ളൂ എന്നതാണ് ഇത്തരം വ്യവസ്ഥകളുടെ വിവക്ഷ. എന്നാൽ ഇവിടെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷ, ക്ലബ് അധികൃതർ സമർപ്പിക്കുകയോ നിർമ്മാണത്തിന് പെർമിറ്റ് നേടുകയോ ചെയ്തിട്ടില്ല.

മാത്രമല്ല ക്ലബ് ഭാരവാഹികൾ PPR ലൈസൻസിന് വേണ്ടി സമർപ്പിച്ച അപേക്ഷയോടൊപ്പം, നിർമ്മാണത്തിന്റെ ലൊക്കേഷൻ സ്കെച്ച് അല്ലാതെ താൽക്കാലിക ഗ്യാലറിയുടെ വിശദമായ സ്കെച്ച്, നിർമ്മാണ രീതി വ്യക്തമാക്കുന്ന രേഖാ ചിത്രങ്ങൾ എന്നിവയൊന്നും തന്നെ ഉണ്ടായിരുന്നില്ല.

3. മുനിസിപ്പാലിറ്റി ഓവർസിയർമാരുടെ സാന്നിദ്ധ്യത്തിൽ, ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ 1127 സ്കവയർ മീറ്റർ വിസ്തീർണത്തിലുള്ളതും ഏകദേശം 3022 പേരെ ഉൾക്കൊള്ളാവുന്നതുമായ താൽക്കാലിക ഗ്യാലറിയാണ് നിർമ്മിച്ചിരിക്കുന്നത് എന്ന് കണ്ടു. കൂടാതെ ഈ താൽക്കാലിക ഗ്യാലറിയുടെ 80 മീറ്റർ നീളമുള്ളതും 7 മീറ്റർ വീതിയുള്ളതുമായ ഒരു ഭാഗം പൂനൂർ പുഴ കൈയ്യേറിയാണ് നിർമ്മിച്ചതെന്നും കാണാൻ കഴിഞ്ഞു. നിർമ്മിതിയുടെ വീതിയുടെ പകുതിയോളം പുഴയിലാണ് സ്ഥിതി ചെയ്യുന്നത്. പുഴ കയ്യേറിയാണ് കെട്ടിടഭാഗം നിർമ്മിച്ചിരിക്കുന്നത് എന്ന വസ്തുത structural stability certificate നല്കിയ ഉദ്യോഗസ്ഥന്റെ (കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയർ) ശ്രദ്ധയിൽപ്പെട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു. 1994 വർഷത്തെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1)ാം വകുപ്പ് - ഒന്നാം പട്ടിക – (എ) – ക്രമനമ്പർ - 5 പ്രകാരം മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ജലമാർഗ്ഗങ്ങൾ പരിരക്ഷിക്കുക എന്നത് മുനിസിപ്പാലിറ്റികളുടെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. മേൽ നിയമത്തിന് വിരുദ്ധമായാണ് ഇവിടെ നിർമ്മാണം അനുവദിച്ചത്.



പുഴ കയ്യേറിക്കൊണ്ടും കെട്ടിട നിർമ്മാണ പെർമിറ്റ് ഇല്ലാതെയും ഗ്യാലറി നിർമ്മിച്ച് ഫുട്ബോൾ ടൂർണമെന്റ് നടത്തുവാൻ അനുമതി നല്കിയത് മുനിസിപ്പൽ സെക്രട്ടറി വിശദീകരണം നൽകേണ്ടതാണ്.

## 1-13 താൽക്കാലിക ജീവനക്കാരുടെ ഇ.പി.എഫ് വിഹിതം - സമയബന്ധിതമായി അടവാക്കാത്തതിനാൽ പിഴപ്പലിശ - 148538/- രൂപയുടെ നഷ്ടം

2018-19 വർഷത്തെ തനത് ഫണ്ടിൽ നിന്നും 20.08.2018ന് വൗച്ചർ നം.21800305 പ്രകാരം പലിശയും പിഴപലിശയും ഉൾപ്പടെ 60,890/- രൂപ ഇ.പി.എഫ് റീജിയണൽ പ്രൊവിഡന്റ് ഫണ്ട് കമ്മീഷണർക്കു അയച്ചു കൊടുത്തിട്ടുണ്ട് (പിഴ പലിശ – 41,146/-രൂപ + പലിശ -19,744/-രൂപ). ഇതുമായി ബന്ധപ്പെട്ട ജി1-11155/2017 നമ്പർ ഫയൽ പരിശോധിച്ചതിൽ, 12/2015 മുതൽ 06/2017 വരെ നഗരസഭയിൽ ജോലി ചെയ്തിരുന്ന 2 താൽക്കാലിക ഡ്രൈവർമാരുടെ (ശ്രീ.മൊയ്തീൻ കോയ, ശ്രീ.മുഹമ്മദ് അലി) ഇ.പി.എഫ് വിഹിതം, നഗരസഭാ വിഹിതം എന്നിവ അടവാക്കിയിട്ടില്ലെന്ന് കണ്ടെത്തിയതിനാൽ ടി തുക അടയ്ക്കാൻ കോഴിക്കോട് അസി.പ്രൊവിഡന്റ് ഫണ്ട് കമ്മിഷണർ ആവശ്യപ്പെട്ടത് പ്രകാരം 31.03.2018 ന് 1,20,074/- രൂപ വൗച്ചർ നമ്പർ 21700992 പ്രകാരം അടവാക്കിയിട്ടുണ്ട്. ഇ.പി.എഫ് വിഹിതം യഥാസമയം അടയ്ക്കാത്തതിന്റെ കാരണം ബോധിപ്പിക്കാൻ 06.12.2017 ന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും നഗരസഭാധികൃതർ ആരും തന്നെ അന്നേ ദിവസം ഹാജരായിട്ടില്ല.

പിന്നീട് 06/2017മുതൽ 09/2018 വരെയുള്ള കാലയളവിലേക്കായി 26.12.2018 ന് നഗരസഭാ വിഹിതവും ജീവനക്കാരുടെ വിഹിതവും കൂടി 80,363/- രൂപയും അടവാക്കിയിട്ടുണ്ട്.

സമയബന്ധിതമായി ഇ.പി.എഫ് വിഹിതവും, പലിശ, പിഴ എന്നിവ അടവാക്കാതിരുന്നതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | തീയതി | തുക | പിഴ + പലിശ | ജീവനക്കാരുടെ വിഹിതം | നഗരസഭയ്ക്കുണ്ടായ നഷ്ടം |
|---|---|---|---|---|---|---|
| 1 | 21700992 | 31.03.2018 | 1,20,074 | | 52,590 | 52,590 |
| 2 | 21800305 | 20.08.2018 | 60,890 | 60,890 | | 60,890 |
| 3 | 21800578 | 26.12.2018 | 80,363 | | 35,058 | 35,058 |
| ആകെ | | | | 60,890 | 87,648 | 1,48,538 |

പലിശ, പിഴപലിശ, ജീവനക്കാരുടെ വിഹിതം എന്നിവ നഗരസഭാ ഫണ്ടിൽ നിന്നും അടവാക്കാനിടയായതിന്റെ കാരണം ആവശ്യപ്പെട്ടുകൊണ്ട് 18.02.2020 ന് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (നം.19/18-19) മറുപടി നൽകിയിട്ടില്ല.

നഗരസഭാ വിഹിതമായി ഒടുക്കിയ 87,648/- രൂപയും പിഴ, പലിശയിനത്തിൽ ഒടുക്കിയ 60,890/- രൂപയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 മുതലുള്ള വർഷങ്ങളിലെ 290000/-രൂപയുടെ മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വർഷം | തീയതി | കൈപ്പറ്റിയ വ്യക്തി | തുക | ഇനം |
|---|---|---|---|---|---|
| 1 | 2016-17 | 17.10.16 | ചെയർപേഴ്സൺ | 10,000 | ടി.എ |
| 2 | 2018-19 | 14.06.18 | മുഹമ്മദ് അലി അഷ്റഫ്, HI(1st) | 50,000 | ഫ്ലഡ് റിലീഫ് 2018 |
| 3 | 2018-19 | 18.06.18 | ജില.എം, JHI(1st) | 1,80,000 | മഴക്കാല പൂർവ്വശുചീകരണം |
| 4 | 2018-19 | 02.03.19 | അബ്ദുൾ ഖാദർ.പി, HI(1st) | 50,000 | PMAY താക്കോൽദാനം |
| ആകെ | | | | 290000 | |

മേൽ തുകകൾ ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/18-19/06.02.20) മറുപടി ലഭ്യമാക്കിയില്ല.
കൂടാതെ 2015-16 കാലയളവിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 14,000/- രൂപ (പേജ് നമ്പർ 10) തിരിച്ചടയ്ക്കാതെ അവശേഷിക്കുന്നതായും കാണുന്നു.
മുൻകൂറുകൾ ക്രമീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-15 പത്രപരസ്യങ്ങൾ -പരസ്യചാർജ്ജിൽ അർഹമായ ഇളവ് പ്രയോജനപ്പെടുത്തിയില്ല

2018-19 വർഷത്തിൽ കൊടുവള്ളി നഗരസഭയിൽ നിന്നും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നല്കിയ പത്ര പരസ്യ ചാർജ്ജ് ഇനത്തിലുള്ള ചെലവുകൾ പരിശോധിച്ചതിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അർഹതയുണ്ടായിരുന്ന 15 ശതമാനം ഇളവ് പ്രയോജനപ്പെടുത്താതെയാണ് മാതൃഭൂമി, ചന്ദ്രിക പത്രങ്ങൾക്ക് തുക നല്കിയത് എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം/ തീയതി | ബിൽ തീയതി | ആവശ്യം | പത്രം | തുക | ജി.എസ്.ടി ഉൾപ്പെടെ ആകെ തുക |
|---|---|---|---|---|---|---|
| 1 | 21800846 31.03.2019 | 04.11.18 | ടെണ്ടർ/ ലേല പരസ്യം | ചന്ദ്രിക | 4760 | 4998 |
| 2 | 21800846 31.03.2019 | 02.03.19 | ടെണ്ടർ/ലേല | ചന്ദ്രിക | 6120 | 6426 |

| | | | | | | |
|---|---|---|---|---|---|---|
| | | | പരസ്യം | | | |
| 3 | 21800846 31.03.2019 | 29.01.19 | ടെണ്ടർ/ലേല പരസ്യം | ചന്ദ്രിക | 7480 | 7854 |
| 4 | 21800846 31.03.2019 | 27.11.18 | ടെണ്ടർ/ലേല പരസ്യം | ചന്ദ്രിക | 4080 | 4284 |
| 5 | 21800846 31.03.2019 | 31.12.18 | ടെണ്ടർ/ ലേല പരസ്യം | മാതൃഭൂമി | 10400 | 10920 |
| 6 | 21800846 31.03.2019 | 05.11.18 | ടെണ്ടർ/ ലേല പരസ്യം | മാതൃഭൂമി | 10400 | 10920 |
| 7 | 21800846 31.03.2019 | 29.01.19 | ടെണ്ടർ/ ലേല പരസ്യം | മാതൃഭൂമി | 16640 | 17472 |
| 8 | 21800846 31.03.2019 | 28.11.18 | ടെണ്ടർ/ ലേല പരസ്യം | മാതൃഭൂമി | 12480 | 13104 |

| ക്രമ നം. | വൗച്ചർ നം/ തീയതി | ബിൽ തീയതി | ആവശ്യം | പത്രം | തുക | ജി.എസ്.ടി ഉൾപ്പെടെ ആകെ തുക |
|---|---|---|---|---|---|---|
| 1 | 21800775 20.03.2019 | 29.09.18 | ടെണ്ടർ/ ലേല പരസ്യം | ചന്ദ്രിക | 4760 | 4998 |
| 2 | 21800775 20.03.2019 | 11.10.18 | ടെണ്ടർ/ ലേല പരസ്യം | ചന്ദ്രിക | 6800 | 7140 |
| 3 | 21800775 20.03.2019 | 09.07.18 | ടെണ്ടർ/ ലേല പരസ്യം | ചന്ദ്രിക | 9520 | 9996 |
| 4 | 21800775 20.03.2019 | 21.06.18 | ടെണ്ടർ/ ലേല പരസ്യം | ചന്ദ്രിക | 8160 | 8568 |
| 5 | 21800775 20.03.2019 | 23.07.18 | ടെണ്ടർ/ ലേല പരസ്യം | ചന്ദ്രിക | 5440 | 5712 |
| 6 | 21800775 20.03.2019 | 11.10.18 | ടെണ്ടർ/ ലേല പരസ്യം | മാതൃഭൂമി | 14560 | 15288 |
| 7 | 21800775 20.03.2019 | 08.07.18 | ടെണ്ടർ/ ലേല പരസ്യം | മാതൃഭൂമി | 25168 | 26426 |
| 8 | 21800775 20.03.2019 | 21.06.18 | ടെണ്ടർ/ ലേല പരസ്യം | മാതൃഭൂമി | 8320 | 8736 |
| 9 | 21800775 20.03.2019 | 21.06.18 | ടെണ്ടർ/ ലേല പരസ്യം | മാതൃഭൂമി | 10400 | 10920 |
| 10 | 21800775 | 23.07.18 | ടെണ്ടർ/ | മാതൃഭൂമി | 6240 | 6552 |

| | | | | | | |
|---|---|---|---|---|---|---|
| | 20.03.2019 | | ലേല പരസ്യം | | | |
| 11 | 21800775 20.03.2019 | 30.09.18 | ടെണ്ടർ/ ലേല പരസ്യം | മാതൃഭൂമി | 12480 | 13104 |
| 12 | 21800775 20.03.2019 | 23.07.18 | ടെണ്ടർ/ ലേല പരസ്യം | മാതൃഭൂമി | 12480 | 13104 |

സ.ഉ.നം.17/(പ്രി)ഐ.&പി.ആർ.ഡി/തീയതി 8.12.15 പ്രകാരം എ.ബി.സി സർക്കുലേഷനുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്ക് പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. പരസ്യത്തിന്റെ ഉയരം സെന്റീമീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് 15 ശതമാനം ഡിസ്കൗണ്ടും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടില്ല. ഈ ആനുകൂല്യം പ്രയോജനപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/18-19/17.02.20) മറുപടി ലഭ്യമാക്കിയില്ല. അർഹമായ ആനുകൂല്യം പ്രയോജനപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കേണ്ടതും, ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 കൃത്യമായ കണക്കെടുപ്പു നടത്താതെ 12897500/- രൂപയുടെ പുതിയ തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിക്കാൻ തീരുമാനിച്ചു

പ്രോജക്ട് – പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ - 46/18

അടങ്കൽ തുക - 40,00,000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് തുക - 1407150/- രൂപ
ഫയൽ നമ്പർ – G4/10921/18

കൊടുവള്ളി നഗരസഭയിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ മുഴുവൻ ഒഴിവാക്കി 24 വാട്ട് എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് തൻവർഷം 40 ലക്ഷം രൂപ വകയിരുത്തുന്നതിനും, നഗരസഭയിൽ നിലവിലുള്ള, ഏകദേശം 4200 ഓളം 24W automatic lights മാറ്റി പുതിയ LED automatic lightsഉം National Highways, State Highways എന്നിവിടങ്ങളിൽ ഏകദേശം 350 എണ്ണം 75W LED ലൈറ്റുകൾ സ്ഥാപിക്കുന്നതിനും 30.10.2018 ലെ 10/3 നമ്പർ തീരുമാന പ്രകാരം കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

ഇതനുസരിച്ച് KSIE കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 24w, 4200 ലൈറ്റുകൾക്ക് 2650/- രൂപ നിരക്കിൽ 11130000/- രൂപയും 75w, 350 ലൈറ്റുകൾക്ക് 5050/- രൂപ നിരക്കിൽ 1767500/- രൂപയും ചേർത്ത് ആകെ 12897500/-രൂപ ചെലവു വരുന്നതിൽ 3297500/- രൂപ നടപ്പു വർഷവും 32,00,000/-രൂപ വീതം 3 ഗഡുക്കളായി 2019-2020, 2020-21, 2021-22 വാർഷിക പദ്ധതികളിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വകയിരുത്തി നൽകുന്നതിനും 30.10.2018 ലെ 10/3 നമ്പർ തീരുമാന പ്രകാരം കൗൺസിൽ തീരുമാനിച്ചു (ഫയൽ നമ്പർ ജി4/10921/18).

2017-18 വർഷം പ്രൊജ. നം. 358/18 പ്രകാരം 24 വാട്ടിന്റെ 263 എൽ.ഇ.ഡി. ലൈറ്റുകൾ 489179/- രൂപ ചെലവഴിച്ച് വാങ്ങി സ്ഥാപിച്ചിരുന്നു. ഇതിനു പുറമേ 2018-19 വർഷം 480/16, 17/17 എന്നീ പ്രൊജക്ടുകൾ പ്രകാരം 590 CFL തെരുവ് വിളക്കുകളും, 883786/- രൂപ ചെലവഴിച്ച് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

2017-18, 18-19 വർഷങ്ങളിലായി 13,72,965/-രൂപയുടെ ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുകയും, പ്രത്യേക കാരണങ്ങളില്ലാതെ അവ മാറ്റി സ്ഥാപിക്കുന്നതിന് തീരുമാനിച്ച സാഹചര്യം വ്യക്തമല്ല.
മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം 4/2018-19/ 12.02.2020) 2.02.2020നു ലഭിച്ച മറുപടിയിൽ, മൂന്ന് വർഷത്തേക്ക് ആവശ്യമായ തെരുവ് വിളക്കുകളുടെ കണക്കാണ് കാണിച്ചിട്ടുള്ളതെന്നും കേടാകുന്ന മുറയ്ക്ക് ആവശ്യമായവ മാത്രം മാറ്റി വെയ്ക്കുന്നതിനുമാണ് പ്രോജക്ടിൽ ഉദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ മറുപടി സാധൂകരിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയില്ല.

ധനകാര്യ സമിതിയുടെ 30.06.2016 ലെ 38 -ാം നമ്പർ തീരുമാന പ്രകാരം കെ.എസ്.ഇ.ബി.യുമായി സഹകരിച്ച് സ്ട്രീറ്റ് ലൈറ്റുകളുടെ സംയുക്ത പരിശോധന നടത്തിയതായ രേഖകൾ ഹാജരാക്കിയിട്ടില്ല. മുനിസിപ്പൽ സെക്രട്ടറിയുടെ 29.05.2019 ലെ ജി.എ/10921/18 നമ്പർ ഉത്തരവ് നടപടികൾ പ്രകാരം കെ.എസ്.ഇ.ബി.യുമായി സഹകരിച്ച് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

നഗരസഭാ പരിധിയിൽ ആകെയുള്ള തെരുവ് വിളക്കുകൾ, പ്രവർത്തനക്ഷമമായതിന്റെ എണ്ണം, ഉപയോഗശൂന്യമായവ, വിളക്കുകളുടെ തരം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള തെരുവ് വിളക്ക് രജിസ്റ്ററും തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മേൽ സാഹചര്യത്തിൽ കൃത്യമായ കണക്കെടുപ്പ് നടത്താതെയാണ് പുതിയ തെരുവു വിളക്കുകൾ വാങ്ങി സ്ഥാപിച്ചു വരുന്നത്.
മാറ്റുന്ന തെരുവു വിളക്കുകൾ ഉപയോഗശൂന്യമായവയാണോ എന്നതും ആയവ കയ്യൊഴിയുന്നതിനു സ്വീകരിച്ച നടപടികളും വ്യക്തമല്ല. കേടുപാടുകൾ സംഭവിക്കാത്ത ഉപകരണങ്ങൾ പുനരുപയോഗം ചെയ്യുന്നുണ്ടോ എന്നതിനും രേഖകളില്ല. ഇത്തരത്തിൽ തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതുകൊണ്ട് വൈദ്യുതി ചാർജ്ജിനത്തിൽ അടവാക്കുന്ന തുകയിൽ കുറവ് വരുന്നുണ്ടോ എന്നതും പരിശോധിക്കപ്പെടേണ്ടതാണ്. വൈദ്യുതി ചാർജ്ജിൽ കുറവ് വന്നിട്ടില്ലാത്തപക്ഷം ആയത് ക്രമീകരിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
കെ.എസ്.ഇ.ബി.യുമായി സഹകരിച്ച് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി, ആവശ്യകത കണക്കാക്കി തെരുവു വിളക്കുകൾ വാങ്ങുന്നതിനും അവയുടെ വിതരണം ഉപയോഗം എന്നിവ സംബന്ധിച്ച് കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-17 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ പൊതു അപാകതകൾ

1). <u>നിരതദ്രവ്യം ഫയലിൽ സൂക്ഷിക്കുന്നു</u>

വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ (പ്രൊജക്ട് നമ്പർ -16/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 490,000/- രൂപ

ബിൽ നമ്പർ/തീയതി - 28/18-19/28.12.2018 – 4,90,000/- രൂപ

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 287 പ്രകാരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ സർക്കാരുമായി കരാർ ഉറപ്പിക്കുമ്പോൾ കരാറിന്റെ വിജയകരമായ പൂർത്തീകരണത്തിനായി സ്വീകരിക്കുന്ന നിരതദ്രവ്യങ്ങൾ/സുരക്ഷിത നിക്ഷേപങ്ങൾ (ആർട്ടിക്കിൾ 140 1(a)) എന്നീ ഇനങ്ങളിലുള്ള ഡിമാന്റ് ഡ്രാഫ്റ്റുകൾ, ട്രഷറിയിൽ നിക്ഷേപിക്കാതെ, ബന്ധപ്പെട്ട കക്ഷികൾക്ക് തിരിച്ചു നൽകേണ്ട സമയത്ത് കൊടുക്കാൻ കഴിയാത്ത വിധം ഫയലുകളിൽ സൂക്ഷിച്ചിരിക്കുന്നു.

മേൽ പ്രൊജക്ടിൽ, വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിന് 06.07.2018 ന് ക്ഷണിച്ച ടെണ്ടറുകൾക്കൊപ്പം സമർപ്പിച്ച 5700/- രൂപയുടെ നിരതദ്രവ്യങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് (ഫയൽ നമ്പർG4/132/18). വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | Pure Solutions Kozhikode 673004 | D D No. 07472 dt. 24.07.18<br>Syndicate Bank Cherooty Road Kozhikode | 4900 |
| 2 | Viron Systms<br>Kallai Kozhikode | D D No 999990-16 dt. 23.07.2018 | 800 |

ധനകാര്യ വകുപ്പ് (സ്ട്രീം ലൈനിംഗ്) 27.08.2010 ലെ 80/10/ധന. നമ്പർ സർക്കുലർ പ്രകാരം ഇപ്രകാരം ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ പബ്ലിക് അക്കൗണ്ടിന് കീഴിലെ 8443 സിവിൽ ഡെപ്പോസിറ്റ്സ്-00-103 സെക്യൂരിറ്റി ഡെപ്പോസിറ്റ് (റസീപ്റ്റ്സ്) എന്ന കണക്കിനത്തിൽ ട്രഷറി വഴി നിക്ഷേപിക്കേണ്ടതും തിരിച്ചു നൽകേണ്ട സമയത്ത് പ്രസ്തുത കണക്കിനത്തിൽ നിന്നു തന്നെ തത്തുല്യമായ തുക നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.5/2018-19/14.02.2020) ലഭിച്ച മറുപടിയിൽ, മുൻകാലങ്ങളിൽ സ്വീകരിച്ചു വന്നിരുന്ന രീതിയിലാണ് 2018-19 ലും തുടർന്നതെന്നും, 2019-20 മുതൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2) <u>നിർവ്വഹണ ഉദ്യോഗസ്ഥൻ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല</u>

സ.ഉ.(പി)177/2006 ഫിൻ തീ-12.04.2006, സ.ഉ.(പി)119/2015 ഫിൻ തീയതി 21.03.2015 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ TR-7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് ഫണ്ട്, വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) <u>സാധനങ്ങളും സേവനങ്ങളും ആർജ്ജിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങള് പാലിക്കുന്നില്ല</u>

സാധനങ്ങളും സേവനങ്ങളും ആർജ്ജിക്കുന്നതിനുള്ള പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ സർക്കാർ ഉത്തരവ് (ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.10) സ്ഥാപനത്തിൽ പാലിക്കുന്നില്ല. വിവിധ പ്രൊജക്ടുകൾ പ്രകാരം ഒരേയിനത്തിൽപ്പെട്ട സാധനങ്ങൾ വിവിധ ഘട്ടങ്ങളിലായി 2018-19 വർഷം വ്യത്യസ്ത നിരക്കിൽ വാങ്ങിയിട്ടുണ്ട്. ഉദാഹരണമായി പ്രൊജ. നം. 226/19, 229/19 എന്നിവ പ്രകാരം എസ്.സി വിദ്യാർത്ഥികൾക്കും എസ്.ടി. വിദ്യാർത്ഥികൾക്കും ലാപ് ടോപുകൾ നൽകുന്നതിനായി വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | അടങ്കൽ തുക | ടെണ്ടർ തീയതി | ഇനം | വില (നിരക്ക്) | എണ്ണം | ആകെ വില |
|---|---|---|---|---|---|---|---|
| 1 | 226/19 | 300000 | G4/132/18<br>6/7/2018 | ലാപ് ടോപ് | 27900 | 10 | 279000 |
| 2 | 222/19 | 1080000 | 23.11.2018<br>e-tender | ലാപ് ടോപ് | 24696 | 43 | 1061928 |

കമ്പ്യൂട്ടർ പോലെ സങ്കീർണമായ സ്പെസിഫിക്കേഷനുള്ള ഉത്പന്നങ്ങളുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചതിലും, സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ തന്നെ സപ്ളൈ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും സാധിച്ചില്ല. കൂടാതെ സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം വാങ്ങൽ പ്രക്രിയ പൂർത്തിയാക്കുന്നതു കൊണ്ടുള്ള സാമ്പത്തികവും ഗുണപരവുമായ ഏകീകരണം ഉണ്ടായിട്ടില്ല. വാങ്ങലുകളിൽ സർക്കാരിന്റെ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

4) <u>വിതരണ രജിസ്റ്റർ</u>

പ്രൊജക്റ്റ് നമ്പർ - എസ് ടി വീട് റിപ്പയർ

അടങ്കൽ തുക – 4,50,000/- രൂപ

ചെലവ് തുക – 2,00,000/- രൂപ

ബിൽ നമ്പർ

1) 36/18-19തി. 25.02.2019 – 100,000/-രൂപ

2) 42/18-19തി. 20.03.2019 – 100,000/-രൂപ

പ്രൊജക്റ്റ് നമ്പർ - എസ്.സി. വീട് റിപ്പയർ

അടങ്കൽ തുക – 10,80,000/- രൂപ

ചെലവ് തുക – 6,30,000/-രൂപ

ബിൽ നമ്പർ

1) 35/18-19തി. 23.02.2019 – 2,70,000/-രൂപ

2) 41/18-19തി. 14.03.2019 – 105,000/-രൂപ

3) 43/18-19തി. 20.03.2019 – 1,65,000/-രൂപ

4) 46/18-19തി. 20.03.2019 – 90,000/-രൂപ

മേൽ പ്രോജക്റ്റുകൾ പ്രകാരം വീട് റിപ്പയറിങ്ങിനു ധനസഹായം വിതരണം ചെയ്തതിന്റെയും, ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ വിതരണ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 5/2018-19/14.02.2020) ലഭിച്ച മറുപടിയിൽ വിതരണ രജിസ്റ്റർ തയ്യാറാക്കിയതായും, ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-18 ജി.എെ.എസ്. മാപ്പിംഗ് (Geographical Information System) – ഡാറ്റാ ബേസ് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ സെക്രട്ടറി

അടങ്കൽ തുക - 40,00,000/-രൂപ
ചെലവ് തുക - 7,52,368/-രൂപ

1) ബിൽ നം. 31/18-19/17.01.2019 – 6,26,680/-രൂപ

2) - 1,25,688/-രൂപ

എഗ്രിമെന്റ് നമ്പർ - 22/18-19/07.01.2019

കൊടുവള്ളി നഗരസഭയിൽ ജി.എെ.എസ്. മാപ്പിംഗ് ഉപയോഗിച്ച് വസ്തു നികുതി പരിഷ്കരണം, ആസ്തി രജിസ്റ്റർ, നഗരസഭാ രേഖകൾ എന്നിവയുടെ ഡിജിറ്റലൈസേഷൻ, തുടങ്ങിയ പ്രവർത്തികൾ നടത്തുന്നതിന് 12.10.2018 ലെ 1(1)-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം സർക്കാർ അംഗീകൃത ഏജൻസിയായ ULCCS Ltd. വടകര, കോഴിക്കോട് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 20.10.2018 ലെ ആർ.1/4489/18 നമ്പർ ഫയൽ പ്രകാരം വർക്ക് ഓർഡർ നൽകുകയും, 07.01.2019 നു ഉടമ്പടി വെച്ച് ULCCS Ltd. പ്രവൃത്തി നടത്തിയിട്ടുള്ളതുമാണ്. പ്രവർത്തി വിജയകരമായി പൂർത്തിയാക്കിയതായും ഡാറ്റ ബേസ്, സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ (SDC) അപ് ലോഡ് ചെയ്യുന്നതിന് KSITM ഡയറക്ടറുമായി ഉടമ്പടി വെക്കുന്നതിനും 27.05.2019 ലെ ULCCS/ULTS/GIS/2018-19/303 നമ്പർ കത്തു പ്രകാരം ULCCS Ltd സെക്രട്ടറിയെ അറിയിച്ചിട്ടുമുള്ളതുമാണ്. മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൂടി മാതൃകയാക്കാവുന്ന രീതിയിൽ ആവിഷ്ക്കരിച്ചിട്ടുള്ള ജി.എെ.എസ് മാപ്പിംഗ് നടത്തിയിട്ടുള്ള പദ്ധതിയിൽ താഴെപ്പറയും പ്രകാരമുള്ള പോരായ്മകൾ വന്നിട്ടുണ്ട്. ആയത് പരിഹരിച്ച് കുറ്റമറ്റതാക്കി തീർക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ് (അന്വേഷണക്കുറിപ്പ് നമ്പർ 3/2018-19/10.20.2020).

**1. സ്ഥാപനവുമായി ഉടമ്പടി വെയ്ക്കുന്നതിന് മുമ്പ് വർക്ക് ഓർഡർ നൽകി.**

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 139 പ്രകാരം സെലക്ഷൻ മെമ്മോ നൽകി, ആർട്ടിക്കിൾ 140 പ്രകാരം ഉടമ്പടി വെച്ചതിന് ശേഷമാണ് വർക്ക് ഓർഡർ നൽകേണ്ടത്. എന്നാൽ 12.10.2018 ലെ കൗൺസിൽ തീരുമാന പ്രകാരം ULCCS Ltd. നെ ചുമതലപ്പെടുത്തുകയും 20.10.2018 ന് വർക്ക് ഓർഡർ നൽകിയതിന് ശേഷം 07.01.2019 ന് മാത്രമാണ് ഉടമ്പടി വെക്കുന്നത്. ഇത് ശരിയായ നടപടിയല്ല.

2. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്നില്ല.

സ.ഉ. (സാധാ) നമ്പർ 2556/2018 തസ്വഭവ. തി. 04.10.2018 പ്രകാരം

1. ജി.എെ.എസ് മാപ്പിംഗിന് എെ.കെ.എം. സൂപ്പർ വിഷൻ വേണം.
2. എെ.കെ.എം. ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിൽ വേണം ജി.എെ.എസ്. മാപ്പിംഗ് നടത്താൻ.
3. പ്രോപ്പർട്ടി അസെസ്മെന്റിന് ജി.എെ.എസ് മാപ്പിംഗ് ഉപകരിക്കണം.
4. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടു വരണം.

ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി നഗരസഭാ സെക്രട്ടറി, യു.എൽ.സി.സി.എസ്. സെക്രട്ടറിയ്ക്ക് നൽകിയ ജി.4/4489(1)/17/ 25.06.2019 നമ്പർ കത്തിന് ലഭിച്ച മറുപടിയിൽ (Letter No.ULCCS/ULTD/GIS/2018-19/326 dt.16.7.2019) സർവ്വേ ഡാറ്റയും ലെഗസി ഡാറ്റയുമായുള്ള സംയോജനം 25.08.2019 ന് പൂർത്തിയാകുമെന്നും, വസ്തു നികുതി സംബന്ധിച്ച സർവ്വേയിൽ ചില പ്രായോഗിക വിഷമങ്ങൾ നേരിട്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്.

എന്നാൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എെ.കെ.എം. സൂപ്പർ വിഷൻ നടത്തിയതിന്റെ വിശദാംശങ്ങളോ, സാക്ഷ്യപത്രമോ, 27/06/2019 ന് സെക്രട്ടറി ആവശ്യപ്പെട്ടിട്ടും ഐ.കെ.എം. നൽകിയിട്ടില്ല. 6.12.2019 നു എെ.കെ.എം. എക്സി. ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനുട്സ് പ്രകാരം, ULCCS Ltd. തയ്യാറാക്കിയ ഡാറ്റ ബേസ് പരിശോധിച്ച് ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. കൂടാതെ ഇതുപയോഗിച്ച് വസ്തു നികുതി പരിഷ്കരണവും പൂർത്തിയാക്കിയിട്ടില്ല.

ജി.എെ.എസ്. മാപ്പിംഗ് നടത്തി ലഭ്യമാക്കിയ ഡാറ്റ, സ്റ്റേറ്റ് ഡാറ്റാ സെന്റർ -ൽ അപ് ലോഡ് ചെയ്യുന്നതിന് യു.എൽ.ടി.എസിന്റെ 27.05.2019 ലെ ULCCS/ULTD/GIS/2018-19/303 നമ്പർ കത്തിൽ ആവശ്യപ്പെട്ട പ്രകാരം നഗരസഭാ സെക്രട്ടറി കെ.എസ്.എെ.ടി.എം ഡയറക്ടറുമായി കരാർ വെച്ചിട്ടുണ്ട്. എന്നാൽ ഡാറ്റ, സ്റ്റേറ്റ് ഡാറ്റാ സെന്റർ -ൽ അപ് ലോഡ് ചെയ്തതു സംബന്ധിച്ചുള്ള വിവരങ്ങളും പരിശോധിച്ചുറപ്പു വരുത്തേണ്ടതുണ്ട്.

ജി.ഐ.എസ്. പോർട്ടൽ കൈകാര്യം ചെയ്യുന്നതിനു ജീവനക്കാർക്ക് സാങ്കേതികോപദേശം നൽകുന്നതിനും, ആവശ്യമായ സുരക്ഷ ഉറപ്പു വരുത്തുന്നതിനും സർവ്വേ ഡാറ്റയും ലെഗസി ഡാറ്റയുമായും സംയോജനം നടത്തുന്നതിനും സർക്കാർ ഉത്തരവ് പ്രകാരം ഐ.കെ.എം. നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ മതിയായ സാങ്കേതിക പരിജ്ഞാനം ഐ.കെ.എം. ന് ഇല്ലെങ്കിൽ അക്കാര്യം സർക്കാരിനെ അറിയിക്കേണ്ടതാണ്.

## 1-19 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യകുറവ് - പരിഹാര നടപടികൾ കാര്യക്ഷമമാക്കണം

കേരള മുനിസിപ്പാലിറ്റി നിയമം 30(1) ാം വകുപ്പ് 1 ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് നഗരസഭയുടെ ചുമതലയാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ നഗരസഭ തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

കൊടുവള്ളി നഗരസഭയിൽ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നഗരസഭയിൽ ആകെയുള്ള അങ്കണവാടികൾ | 41 |
| സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | 10 |
| വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ | 03 |
| ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ | 15 |
| സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | 10 |
| ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അങ്കണവാടികൾ | 02 |

കൊടുവള്ളി നഗരസഭയിൽ മൂന്ന് വയസിനും ആറ് വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ എണ്ണം 3022 ആണ്. 41 അങ്കണവാടികളിൽ 555 കുട്ടികൾ ഹാജരാകുന്നുണ്ട്. 22.03.2011ലെ നം.31055/ഡി.സി.2/2011/ ത.സ്വ.ഭ.വ നമ്പർ കേരള സർക്കാർ സർക്കുലറിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. കൊടുവള്ളി നഗരസഭയിലെ 2 അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. കുടിവെള്ള സൗകര്യം, വൈദ്യുതി കണക്ഷൻ, സ്വന്തമായി കെട്ടിടം, ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി തലങ്ങളിൽ സ്വീകരിച്ചതായി കാണുന്നില്ല.

## 1-20 ബഡ്ജറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങൾ പാലിച്ചല്ല

കൊടുവള്ളി നഗരസഭയുടെ 2018-19 വർഷത്തെ ബജറ്റ് 28.03.2018 തീയതിയിലെ 1ാം നം. തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 05.03.2019 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

കേരള മുനിസിപ്പിലാറ്റി ആക്ടിലെ 285 മുതൽ 293 വരെയുള്ള സെക്ഷനുകൾ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

(എ)കാലാകാലങ്ങളിൽ സർക്കാർ ഇക്കാര്യത്തിനായി നിർണ്ണയിക്കുന്നചട്ടങ്ങൾക്കും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി സെക്രട്ടറി ഓരോ വർഷവും ജനുവരി 15 ാം തീയതിക്കോ അതിനുമുമ്പോ അടുത്ത വർഷത്തെ വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട (ധനകാര്യം) സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് നല്കേണ്ടതാണ് (സെക്ഷൻ 285).

(ബി)ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ സെക്രട്ടറി ഉൾപ്പെടെയുള്ള അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് അവരുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ഇതുകൂടി പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ് (സെക്ഷൻ 286).

(സി) എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണ സമിതിയിൽ അംഗീകാരത്തിനായി വെയ്ക്കേണ്ടതാണ് (സെക്ഷൻ 287).

ഓഡിറ്റിന് സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കി അംഗീകരിച്ചതെന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ 09.03.2018ലെ തീരുമാന നമ്പർ-1 പ്രകാരം ബജറ്റ് തയ്യാറാക്കുന്നതിന് യോഗം ചേർന്നെങ്കിലും യാതൊരു ചർച്ചകളും തീരുമാനങ്ങളും മിനിട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചതിന്റെയോ അവ ചർച്ച ചെയ്തതിന്റെയോ വിവരങ്ങൾ മിനുട്ട്സ് ബുക്കിൽ ഇല്ല. 15.03.2018ലെ തീരുമാന നമ്പർ-1 പ്രകാരം 2018-19 വാർഷിക ബജറ്റ് ബുക്ക് പ്രിന്റ് ചെയ്ത് ലഭ്യമാക്കുന്നതിന് യോഗ്യരായവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നതിന് അനുമതി നൽകാനും തീരുമാനിച്ചു. ആക്ടിൽ നിർദ്ദേശിക്കുന്ന സമയക്രമം 2018-19 ബഡ്ജറ്റ് രൂപീകരണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാലിച്ചിട്ടില്ല. പരിമിതമെങ്കിലും ആക്ടിൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ, ഉദ്യോഗസ്ഥ തലത്തിൽ പാലിക്കപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിച്ച്, ആവശ്യമായ നിർദ്ദേശങ്ങൾ കമ്മിറ്റി നൽകേണ്ടതായിരുന്നു. ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ വന്ന വീഴ്ച സ്വയം വിമർശനാത്മകമായി പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ കമ്മിറ്റി കൈക്കൊള്ളേണ്ടതുണ്ട്.

താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പാലിച്ചുകൊണ്ട് ഭാവിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1. മുനിസിപ്പൽ ആക്ടിലെ 285 മുതൽ 293 വരെയുള്ള സെക്ഷനുകളിലെ നിർദ്ദേശങ്ങൾ സ്ഥാപനം പാലിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.
2. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

## 1-21 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഇൗടാക്കുന്നു

2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

കൊടുവള്ളി നഗരസഭയിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70/-രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 90/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ, ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി

വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിച്ചത് മൂലം താഴെ പറയുന്ന 100 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക്, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചിട്ടുള്ളത്.

1)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നഗരസഭ 70 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 22/462C | അബ്ദുൾ ഷുക്കൂർ, ഒറ്റക്കാംതൊടുകയിൽ, മണ്ണിൽകടവ് | 39.64 $m^2$ (വാണിജ്യം) | 3330 + 167 (5% LC) = 3497 |
| 22/462D | | 32.21 $m^2$ (വാണിജ്യം) | 2706 + 136 (5% LC) = 1842 |
| 22/462E | | 29.73 $m^2$ (വാണിജ്യം) | 2498 + 125 (5% LC) = 2623 |
| | ആകെ | 101.58 $m^2$ | 8534 + 428 (5% LC) = 8962 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് -90/- രൂപ

ആകെ തറവിസ്തീർണ്ണം - 101.58 ച.മീ

101.58 x 90 = 9142.2 + (20% വഴിസൗകര്യം വർദ്ധനവ്)

= 10971+ 549 (5% LC) = 11520/-രൂപ

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 11520

ഈടാക്കിയ നികുതി - 8962/-രൂപ

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 2558/-രൂപ

2)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നഗരസഭ 70 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(ഇളവ് - ഇല്ല ,വർദ്ധനവ് - ഇല്ല) |
|---|---|---|---|
| 18/545A | അബ്ദുൾ സലാം, ചെമ്പറ്റമ്മൽ വീട്, ചൂണ്ടപ്പുറത്ത്,കൊടുവള്ളി | 25.01 $m^2$ (വാണിജ്യം) | 1751 + 88 (5% LC) = 1839 |
| 18/545B | | 25.01 $m^2$ (വാണിജ്യം) | 1751 + 88 (5% LC) = 1839 |
| 18/545C | | 25.01 $m^2$ (വാണിജ്യം) | 1751 + 88 (5% LC) = 1839 |
| 18/545D | | 25.01 $m^2$ (വാണിജ്യം)വാണിജ്യം | 1751 + 88 (5% LC) = 1839 |
| 18/545E | | 25.01 $m^2$ (വാണിജ്യം) | 1751 + 88 (5% LC) = 1839 |
| 18/545 F | | 25.01 $m^2$ (വാണിജ്യം) | 1751 + 88 (5% LC) = 1839 |

| | | | |
|---|---|---|---|
| 18/545G | | 25.01 $m^2$(വാണിജ്യം) | 1751 + 88 (5% LC) = 1839 |
| | ആകെ | 175.07 $m^2$ (വാണിജ്യം) | 12257 + 616 (5% LC)= 12873 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് - 90/- രൂപ

ആകെ തറവിസ്തീർണ്ണം- 175.07 ച.മീ

175.07 x 90 = 15757/- രൂപ

= 15757+788 (5% LC) = 16545/-രൂപ

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 16545/-രൂപ

ഈടാക്കിയ നികുതി - 12873/-രൂപ

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 3672/-രൂപ

3)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നഗരസഭ 70 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(ഇളവ് - 10% മേഖല, 5% ബഹുനിലവാണിജ്യാവശ്യം ,വർദ്ധനവ് - 20% വഴിസൗകര്യം) |
|---|---|---|---|
| 4/274A | വി.സി.അബൂബക്കർ, നാഗത്താൻ കോട്ടയിൽ, കളരാന്തിരി, മാനിപുരം | 47.27 $m^2$ (വാണിജ്യം) | 3458 + 173 (5% LC) = 3631 |
| 4/274 B | | 25.28 $m^2$ (വാണിജ്യം) | 1850 + 93 (5% LC) = 1943 |
| 4/274 C | | 25.28 $m^2$ (വാണിജ്യം) | 1850 + 93 (5% LC) = 1943 |
| 4/274D | | 25.28 $m^2$ (വാണിജ്യം) | 1850 + 93 (5% LC) = 1943 |
| | ആകെ | 123.11 $m^2$ | 9008 + 452 (5% LC) = 9460 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് -90/- രൂപ

ആകെ തറവിസ്തീർണ്ണം- 123.11 ച.മീ

123.11 x 90 = 11079.9-(10%മേഖല ഇളവ്)+(20%വഴിസൗകര്യം വർദ്ധനവ്)-(5%ബഹുനിലവാണിജ്യാവശ്യ ഇളവ്)

= 11578+579 (5% LC) = 12157/-രൂപ

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 12157/-രൂപ

ഈടാക്കിയ നികുതി - 9460/-രൂപ

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 2697/-രൂപ

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ എൻട്രി നടത്തുന്നതിൽ ശ്രദ്ധിക്കേണ്ടതും സഞ്ചയ,

സാംഖ്യ സോഫ്റ്റ് വെയറുകളിലെ നിലവിലെ തെറ്റായ ഡാറ്റാകൾ അപ്രൂവൽ സ്റ്റാറ്റസിൽ നിന്ന് എം.കെ.എം സഹായത്തോടെ ക്രമീകരിച്ച് വസ്തു നികുതി അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-22 രശീത് സൂക്ഷിപ്പിലെ അപാകതകൾ

കൊടുവള്ളി നഗരസഭയിലെ 2018-19 വർഷത്തെ ഡേബുക്ക്, സാംഖ്യ രസീതുകൾ എന്നിവയുടെ പരിശോധനയിൽ ഡേബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. താഴെപ്പറയുന്ന ദിവസങ്ങളിലെ ക്യാൻസൽ ചെയ്ത രസീതുകളുടെ റിപ്പോർട്ട് പരിശോധനയിൽ ലഭിച്ചില്ല.

| തീയതി | സാംഖ്യ രസീത് നമ്പർ | സ്റ്റേഷനറി നമ്പർ |
|---|---|---|
| 14.05.2018 | 118010101551 | 0032246 |
| 05.07.2018 | 118010103693 | 0034403 |
| 12.07.2018 | 118010104099 | 0034810 |
| 31.07.2018 | 118010104978 | 0035692 |
| 27.09.2018 | 118080102120 | 0037890 |
| 09.10.2018 | 118080102656 | 0038429 |
| 13.11.2018 | 118080104085 | 0039883 |
| 29.11.2018 | 118080104384 | 0040187 |
| 10.03.2019 | 118080109601 | 0045482 |
| 19.03.2019 | 118100100898 | 0046905 |
| 27.03.2019 | 118100101724 | 0048176 |
| 29.03.2019 | 118080110950 | 0049043 |

ഡേബുക്കിനോടൊപ്പം അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്ന് നഗരസഭയിലെ അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതാണ്.

## 1-23 നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ് വാടക – അപാകതകൾ

കൊടുവള്ളി നഗരസഭയിൽ 5 ഷോപ്പിംഗ് കോംപ്ലക്സുകളിലായി 68 മുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. 2018-19 വർഷത്തെ ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നത് സംബന്ധമായ രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ, കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1.<u>വാടക കെട്ടിടങ്ങളുടെ ബൈലോയ്ക്ക് സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമായില്ല</u>

കൊടുവള്ളി നഗരസഭ 01.11.2015 ന് നിലവിൽ വന്ന ശേഷം 21-10-17 ലെ 10 ാം നമ്പർ തീരുമാനപ്രകാരവും വാടക ബൈലോ അന്തിമമായി അംഗീകരിച്ചുവെങ്കിലും സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള തുടർ നടപടികൾ കാര്യക്ഷമമായി സ്വീകരിച്ചിട്ടില്ല. കൊടുവള്ളി നഗരസഭ, ഗ്രാമ പഞ്ചായത്തായിരുന്ന കാലയളവിൽ നിലവിലുള്ളവയാണ് എല്ലാ വാടക കെട്ടിടങ്ങളും. ബൈലോക്ക് സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുകയോ ആയതിന്റെ അടിസ്ഥാനത്തിൽ വാടകക്കാരുമായി കരാറിലേർപ്പെടുകയോ ചെയ്യിട്ടില്ല. കൊടുവള്ളി നഗരസഭ വക വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നത്/ഈടാക്കുന്നത് സംബന്ധിച്ച ബൈലോക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് നഗരകാര്യ ഡയറക്ടർക്ക് ആർ2-1106/19/29.08.2019 പ്രകാരം കത്തയച്ചെങ്കിലും 08/2019 ന് ശേഷം ഈ വിഷയത്തിൽ തുടർനടപടികൾ ഉണ്ടായിട്ടില്ല. കേരള മുനിസിപ്പാലിറ്റി സെക്ഷൻ 572(1) പ്രകാരം ബൈലോ സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നത് വരെ ബൈലോയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. ഇതിനാൽതന്നെ ബൈലോയ്ക്ക് അംഗീകാരമില്ലാതെ വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ അതിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ പിഴ ഈടാക്കുന്നതിനോ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനോ കഴിയാതെ വരുന്നതാണ്

2. <u>ഷോപ്പിംഗ് കോംപ്ലക്സ് - വാടക കൃത്യമായി ഈടാക്കുന്നില്ല</u>

2018-19 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില മുറികളുടെ വാടക പൂർണ്ണമായി ഈടാക്കിയിട്ടില്ല എന്ന് കണ്ടു. രജിസ്റ്റർ പ്രകാരം 2018-19 വർഷത്തെ വാടകയിനത്തിലെ ഡിമാന്റ് 19,83,288/- രൂപയും കുടിശ്ശിക 8,40,200/- രൂപയുമാണ്. വാടക കുടിശ്ശിക വരുത്തിയവരുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | റൂം നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക |
|---|---|---|---|
| 1 | 3/370 A | അബ്ദുൾ ഖാദർ | 19145 |
| 2 | 3/370 G | അബ്ദുൾ ഹക്ക് | 3039 |
| 3 | 3/370 H | അബ്ദുൾ ഹക്ക് | 3039 |
| 4 | 3/370 I | അബ്ദുൾ ഹക്ക് | 3039 |
| 5 | 3/370 L | അബ്ദുൾ ഹക്ക് | 3039 |
| 6 | 3/370 M | അബ്ദുൾ ഹക്ക് | 3039 |
| 7 | 3/370 N | അബ്ദുൾ ഹക്ക് | 3039 |
| 8 | 3/370 U | സൗദ മുഹമ്മദ് | 1520 |
| 9 | 3/370 S | ഉസൈൻ.എ.കെ | 1654 |
| 10 | 3/370 R | ജംഷിദ | 3589 |
| 11 | 3/370 Y | റോസ്ബിൻ നജീബ്.ഒ.കെ | 2592 |
| 12 | 3/370 F | സൈനബ | 3039 |
| 13 | 3/370 W | ഷറഫുദ്ദീൻ | 2730 |

വാടക തുടർച്ചയായി ഒടുക്കാത്തവരുടെ കുടിശ്ശിക, ഡെപ്പോസിറ്റ്/അഡ്വാൻസിൽ നിന്നും ഈടാക്കി മുറി ഒഴിപ്പിച്ച് പുനർ ലേലം നടത്തുകയോ വാടക കൃത്യമായി പിരിച്ചെടുക്കുകയോ ചെയ്യിട്ടില്ല. ഇത് പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയോ, നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്യിട്ടില്ല. വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3. <u>വാടകക്കാരുമായി കരാർ ചമച്ചില്ല</u>

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 ഉപവകുപ്പ് 2(എ) പ്രകാരം ഒരു മുനിസിപ്പാലിറ്റിയ്ക്ക് വ്യാപാരത്തിനോ, അല്ലാതെയോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും, അവ ആവശ്യമുള്ള പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കാവുന്നതുമാണ്. ഉപവകുപ്പ് 3 പ്രകാരം നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം

ഉപയോഗിക്കുന്നതിനും, കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അതു കൊടുക്കേണ്ട സമയവും ഉൾപ്പെടുന്ന കരാർ ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ എഴുതിയുണ്ടാക്കണം. 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങൾ ചട്ടം 7(2) പ്രകാരം പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുമ്പോൾ കെട്ടിടം ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കരാർ ചമയ്ക്കേണ്ടതാണ്. എന്നാൽ 2018-19 ൽ ആകെയുള്ള 68 വാടകക്കെട്ടിടങ്ങളിൽ 27 വാടകക്കാർ മാത്രമാണ് വാടക പുതുക്കുന്നതിനായി കരാർ പത്രം മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ 14 പേരുടെ കരാറുകളിൽ മാത്രമാണ് സെക്രട്ടറി ഒപ്പുവച്ചിട്ടുള്ളത്. കരാർ ചമയ്ക്കാതെ മുറികൾ വാടകയ്ക്ക് നൽകുന്നത് ഭാവിയിൽ കുടിശ്ശിക തുക ഈടാക്കുന്നതിന് നിയമപ്രശ്നങ്ങളുണ്ടാക്കാം. മേൽ വിവരിച്ച രീതിയിൽ നിയമപ്രകാരം കരാർ വയ്ക്കാതെ വാടക മുറികൾ ഏൽപ്പിച്ചു നൽകുന്നതും, വാടക കുടിശ്ശിക വരുത്തുന്നവർക്കെതിരെ യഥാസമയം നടപടികൾ സ്വീകരിക്കാതിരിക്കുന്നതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-24 തൊഴിൽ നികുതി-അപാകതകൾ

i)<u>അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല</u>

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 245 വകുപ്പിലേയും 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചതു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുകയാണ് അർദ്ധവാർഷിക വരുമാനമായി കണക്കാക്കി തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. കൊടുവള്ളി നഗരസഭയിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട പൂർണ്ണ വിവരങ്ങൾ നൽകാത്ത സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, കൊടുവള്ളി

2) വി വിൽ ഫൂട്ട് വെയർ പ്രൈവറ്റ് ലിമിറ്റഡ്

3) ക്രസന്റ് ഇംഗ്ലീഷ് സ്കൂൾ

4) ഹൈപോയന്റ് ഫർണിച്ചർ

5) രശ്മി കോളജ്, കൊടുവള്ളി

6) ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് & ഫിനാൻഷ്യൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്

2018-19 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ii)<u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

കൊടുവള്ളി നഗരസഭയിലെ 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധനയിൽ, താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽനികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | മിനി മുത്തൂറ്റ് നിധി കേരള ലിമിറ്റഡ് | I |
| 2 | DDRC SRL ഡയഗണസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 3 | കൊടുവള്ളി സർവീസ് സഹകരണ ബാങ്ക് | II |
| 4 | മാക്സ് വാല്യു ക്രെഡിറ്റ്സ് & | II |

| | | |
|---|---|---|
| | ഇൻവെസ്റ്റ്മെൻറ്സ് | |
| 5 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് | I |
| 6 | വി വിൽ ഫൂട്ട് വെയർ | I & II കൊടുവള്ളി നഗരസഭയിൽ |
| 7 | പൂങ്കുടി മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 8 | എ.എം.മോട്ടോഴ്സ് | I & II കൊടുവള്ളി നഗരസഭയിൽ |
| 9 | ന്യൂ ഇന്ത്യാ ഇൻഷുറൻസ് കോ.ലിമിറ്റഡ് | I & II |
| 10 | റയാൻ പെട്രോളിയം | II |
| 11 | ഇൻഡസ്ഇൻഡ് മാർക്കറ്റിംഗ് & ഫിനാൻഷ്യൽ സർവീസസ് | I & II |
| 12 | കാപ്സ് വെഹിക്കൾ & സ്പെയർ പാർട്സ് | I & II |

സഞ്ചയ അസസ്മെൻറ്, ഡിമാൻറ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 6097 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2018-19 വർഷത്തിൽ കൊടുവള്ളി നഗരസകൊടുവള്ളി നഗരസഭയിൽഭയിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 162 ആണ്. അതായത് 5935 കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കപ്പെടുത്തുന്നുണ്ടെന്ന് കാണാം . ഓഡിറ്റ് വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 1227 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭയിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ഡി & ഒ ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 1470 ആണ്. അതായത് അവശേഷിക്കുന്ന 4465 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാൻറ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ട്രെയിഡേഴ്സിൻറെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങൾക്കനുസരിച്ചല്ല കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിൻറെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാൻറ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാൻറിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്.

2) എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിൻറെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാൻറ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിൻറെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്.

3) ട്രെയിഡേഴ്സിൻറെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിൻറെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാൻറ് ചെയ്യേണ്ടതാണ്.

4) മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-25 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് - ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 7 ൽ ഏതൊരു വ്യാപാരത്തേയും സുതാര്യമായ മാനദണ്ഡപ്രകാരം എ.ബി.സി എന്നീ മൂന്ന് വിഭാഗങ്ങളിലായി തിരിച്ച് 6-ാം ചട്ടപ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും 1-ഉം 2-ഉം പട്ടികകളിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. ലൈസൻസ് ഫീസ് നിശ്ചയിച്ച് കൊണ്ടുള്ള വിജ്ഞാപനം ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നാലുടൻ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

എന്നാൽ കൊടുവള്ളി നഗരസഭ ഇപ്രകാരം വ്യാപാരങ്ങളെ തരംതിരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.
നഗരസഭ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇക്കാരണത്താൽ തന്നെ ഡിമാന്റിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.നഗരസഭയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2019 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 6097 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 1227 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. നഗരസഭയ്ക്ക് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിരമായി 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി 100 ശതമാനം വ്യാപാരങ്ങളും ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ്.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ വെക്കുന്നതിലുള്ള കാലതാമസം

മുനിസിപ്പൽ എഞ്ചിനീയർ 2018-19 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ നടപടിക്രമങ്ങളിൽ വീഴ്ച വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് (നമ്പർ, പേര്) | ചെലവ് തുക, ഫണ്ട് | ചെലവ് വിശദാംശം (ട്ര.ബിൽ നമ്പർ/ ചെക്ക് നമ്പർ ) | സെലക്ഷൻ നോട്ടീസ് നമ്പർ, തീയതി (ae/kdly) | നോട്ടീസ് കൈപ്പറ്റിയ തീയതി | എഗ്രിമെന്റ് നമ്പർ, തീയതി | കരാറുകാരൻ | ടി.എസ് നമ്പർ | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) |
|---|---|---|---|---|---|---|---|---|---|---|
| 1. | 64/19, പൂവ്വറമ്മൽ കരിവില്ലി ക്കാവ് റോഡ് റിപ്പയർ. | 3 ലക്ഷം രൂ, MG(R) | 107/ 11.3.19 | 103/ 18-19, 1.11.18 | - | 132/ 18-19, 1.12.18 | അബ്ദുൾ ലത്തീഫ് എ.കെ | 14832/ 18-19 | 299925 | 2999 |
| 2. | 47/19, കാവിൽ തച്ചോട്ട കുന്നുമ്മൽ റോഡ് | 3 ലക്ഷം രൂ, MG(R) | 132/ 26.3.19 | 99/ 18-19, 1.11.18 | - | 134/ 18-19, 1.12.18 | അബ്ദുൾ ലത്തീഫ് | 23836/ 18-19 | 299829 | 2998 |
| 3. | 330/19, കാരാട്ട പൊയിൽ മഞ്ചപ്പാറ കരുവൻ പൊയിൽ | 198683 രൂ, (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 99/ 12.3.19 | 134/ 18-19, 1.11.18 | 8.11.18 | 121/ 18-19, 24.11.18 | കമറുദ്ദീൻ. സി.എം | 83815/ 18-19 | 198768 | 1988 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | റോഡ് രണ്ടാംഘട്ടം | | | | | | | | |
| 4. | 173/19, നെല്ലാംങ്കണ്ടി അങ്കണവാടി | 50000 രൂ, MG(NR) | 135/ 21.3.19 | 140/ 18-19, 4.12.18 | - | 161/ 18-19, 15.1.19 | അബ്ദുൾ റസാക്ക് സി.പി | 58965/ 18-19 | 48106.5 | 481 |
| 5. | 212/19, പറോപഞ്ഞി അങ്കണവാടി റിപ്പയർ | 149595 രൂ, MG(NR) | 111/ 11.3.19 | 90/ 18-19, 22.9.18 | - | 96/ 18-19, 16.10.18 | അബ്ദു റഹിമാൻ.പി | 45705/ 18-19 | 149905 | 1499 |
| 6. | 205/19, കാരക്കുന്ന് കോളനി റോഡ് | 2 ലക്ഷം രൂ, SCP | 83/ 12.3.19 | 122/ 18-19, 1.11.18 | 8.11.18 | 119/ 18-19, 24.11.18 | സി.എം. കമറുദ്ദീൻ | 58977/ 18-19 | 199597 | 1996 |
| 7. | 27/19, ചാത്തരു കണ്ടി വട്ടോത്ത് പുറായിൽ റോഡ് ടാറിങ് | 1 ലക്ഷം രൂ (വികസന ഫണ്ട്) , 1 ലക്ഷം രൂ (തനത് ) | 90/ 23.3.19 ചെക്ക് നം. 217743 / 31.3.19 | 94/ 18-19, 1.11.18 | - | നമ്പർ ഇല്ല, 1.12.18 | അബ്ദുൾ ലത്തീഫ് | 23723/ 18-19 | 198810 | 1988 |
| 8. | 112/19, തോട്ടത്തിൽ കായക്കുന്ന് റോഡ് | 2 ലക്ഷം രൂ (ധനകാര്യ കമ്മീഷൻ ഗ്രാൻറ് ), 1 ലക്ഷം രൂ (തനത്) | 124/ 20.3.19 , ചെക്ക് നം 217743 / 31.3.19 | 46/ 18-19, 22.9.18 | - | 94/ 18-19, 16.10.18 | അബ്ദു റഹിമാൻ.പി | 13631/ 18-19 | 299782 | 2998 |
| 9 | 72/19, കാവിൽ റോഡ് | 1 ലക്ഷം രൂ (വികസനം), 1 ലക്ഷം രൂ (തനത്) | 82/ 10.1.19 , ചെക്ക് നം 217715/ 8.3.19 | 113/ 18-19, 1.11.18 | - | 122/ 18-19, 26.11.18 | പി.കെ. കണ്ടൻ | 14824/ 18-19 | 199855 | 1999 |
| 10 | 183/19, വാവാട് സ്ക്കൂൾ റോഡ് റീടാറിങ് | 140000/- രൂ, MG(R) | 139/ 20.3.19 | 110/ 18-19, 1.11.18 | - | 129/ 18-19, 27.11.18 | യു.കെ. സുബൈർ | 26601 18-19 | 139906 | 1399 |
| 11 | 314/19, മദ്രസ ബസാർ പൊതുകിണർ | 452056/-, (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) | 117/ 21.3.19 | 351/ 17-18, 4.4.18 | - | 6/18-19, 27.4.18 | അബ്ദു റഹിമാൻ.പി | 95095 17-18 | 488390 | 4884 |
| 12 | 129/19, തണ്ണിക്കുണ്ടുങ്ങൽ റോഡ് സൈഡ് കെട്ടൽ | 120000/- രൂ, (തനത്) | 1965276/ 31.03.19 | 64/ 18-19, 29.12.18 | - | 177/ 18-19, 21.01.19 | അൻവർ സാദിഖ്. പി.സി | 83772 18-19 | 117693 | 1177 |
| 13 | 111/19, മദ്രസ ബസാർ - ഹരിജൻകോളനി റോഡ് | 1 ലക്ഷം രൂ, (തനത്) | 217743/ 31.3.19 | 45/ 18-19, 22.9.18 | - | 93/ 18-19, 16.10.18 | അബ്ദു റഹിമാൻ.പി | 7737 18-19 | 199161 | 1992 |
| 14 | 204/19, ആനപ്പാറ ഞെള്ളോറ കോളനിറോഡ് | 250000/- രൂ, (SCP) | 61/ 26.12.19 | 88/ 18-19, 22.9.18 | - | 101/ 18-19, 22.10.18 | പി.കെ. കണ്ടൻ | 53800 18-19 | 249932 | 2499 |
| 15 | 147/19, പുതുക്കുടിക്കുന്ന് എസ്.സി കോളനിറോഡ് | 223966/- രൂ, (SCP) | 77/ 10.1.19 | 130/ 18-19, 1.11.18 | - | 140/ 18-19, 6.12.18 | സി.എം. ഗോപാലൻ | 89082 18-19 | 248515 | 2485 |
| 16 | 152/19, | 147046/-രൂ, MG(R) | 125/ 20.3.19 | 107/ 18-19, 1.11.18 | - | 125/ 18-19, 27.11.18 | വി.കെ. സുബൈർ | 23112 18-19 | 149021 | 1490 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആർ.സിമുക്ക് ഞെള്ളോറ റോഡ് റീടാറിങ് | | | | | | | | | |
| ആകെ | | | | | | | | | | 34872 |

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി നമ്പർ കത്ത് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്ക് അയക്കേണ്ടതുണ്ട്. ഈ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ ശേഷം 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC തുകയുടെ 1 % പിഴ ഈടാക്കിയാണ് കരാർ വെക്കേണ്ടത്. 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. ഭൂരിഭാഗം സെലക്ഷൻ നോട്ടീസുകളിലും അവ കരാറുകാർ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. പി.ഡബ്ല്യു.ഡി മാനവൽ ഖണ്ഡിക 2009-6 പ്രകാരം, ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകം സെലക്ഷൻ നോട്ടീസ് രജിസ്റ്റേർഡ് പോസ്റ്റ് / കൊറിയർ / ഇ-മെയിൽ മുഖേന തെരഞ്ഞെടുത്ത കരാറുകാരന് നല്കണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തീയതി, നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്. സെലക്ഷൻ നോട്ടീസിൽ കൈപ്പറ്റ് തീയതി രേഖപ്പെടുത്താത്ത പ്രവൃത്തികളിൽ, നോട്ടീസ് തീയതിക്ക് 3 ദിവസത്തിനകം കത്ത് രജിസ്റ്റർ ചെയ്തതായി കണക്കാക്കിയാൽ പോലും കരാർ ഒപ്പിട്ടത് വൈകിയാണെന്ന് കാണാവുന്നതാണ്. ഈടാക്കേണ്ട പിഴ 34872/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 പ്രവൃത്തിപൂർത്തീകരണം വൈകി - കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2018-19 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് (നം,പേര്) | ചെലവഴിച്ച തുക (രൂ), ഫണ്ട് | ചെലവ് വിശദാംശം (ട്ര.ബി.നം/ ചെക്ക് നമ്പർ) | ടി.എസ് നമ്പർ, ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | എഗ്രി. നമ്പർ, തിയ്യതി | എം.ബുക്ക് നമ്പർ, എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തീയതി | പി.എ.സി തുക (രൂ) | കരാറു കാരൻ | ഈടാക്കേണ്ട പിഴ (രൂ) |
|---|---|---|---|---|---|---|---|---|---|
| 1. | 321/19, പെരിക്കണ്ടി ഉണ്ണിച്ചീരാം വീട് റോഡ് | 107798/- (തനത്), 280000/- (MG-R) | ചെക്കം 0208665/ 19.12.18, ട്ര.ബി നമ്പർ 35/11.12.18 | 102035/ 17-18 3 മാസം | 120/17-18 തീയതി 17.3.18 | 5/18-19 , 28.11.18 | 399080 | കമറുദ്ദീൻ സി.എം | 11972 (പി.എ.സി തുകയുടെ 3%) |
| 2. | 265/19, കളരാന്തിരി കല്ലള്ളി ക്കടവ് റോഡ് | 77441/- (MG-R) | 64/10.1.19 | 102024/ 17-18, 2 മാസം | 119/17-18 തിയ്യതി 17.3.18 | 111/18-19, 19.12.18 | 98249 | കമറുദ്ദീൻ സി.എം | 2947 (പി.എ.സി തുകയുടെ 3%) |
| 3. | 12/19, വാവാട് | 3 ലക്ഷം (MG-R), | 141/29.3.19, ചെക്ക് നം | 35272/ 18-19, 4 മാസം | നമ്പർ ഇല്ല , | 165/18-19, 13.3.19 | 399669 | അൻവർ സാദിഖ് | 3997 (പി.എ.സി |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | പോർങ്ങട്ടൂർ റോഡ് റീടാറിങ് | 1 ലക്ഷം (തനത്) | 2813375 തിയ്യതി 23.7.19 | | 11.10.18 | | | പി.സി | തുകയുടെ 1%) |
| 4. | 140/19, വാഴപ്പുറം ആട്ട്യേരി റോഡ് | 2 ലക്ഷം (ധനകാര്യ കമ്മീഷൻ ഗ്രാന്റ്), 140000/- (തനത്) | 102/11.3.19, ചെക്ക് നം. 217720 തിയ്യതി 19.3.19 | 23136/ 18-19, 3 മാസം | 53/ 18-19, 6.10.18 (S.H.O തിയ്യതി 8.10.18) | 137/18-19, 7.2.19 | 339002 | പ്രമോദ് കെ.എം | 3390 (പി.എ.സി തുകയുടെ 1%) |
| 5. | 197/19, പൂക്കോട് എസ്.സി കോളനി റോഡ് | 199920/- എസ്.സി.പി | 143/20.3.19 (ബുക്ക് നം. 2) | 53768/ 18-19, 4 മാസം | 88/ 18-19, 11.10.18 | 176/18-19, 15.3.19 | 199822 | അൻവർ സാദിഖ് | 1998 (പി.എ.സി തുകയുടെ 1%) |
| | | | | ആകെ | | | | | 24304 |

മേൽ പരാമർശിച്ച എല്ലാ പ്രവൃത്തികളും കരാർ പ്രകാരം പൂർത്തീകരിക്കേണ്ട കാലാവധിയിലും വൈകിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിലൊന്നും തന്നെ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ല. ക്രമ നമ്പർ 4 ൽ മാത്രമേ site hand over തീയതി രേഖപ്പെടുത്തിയിട്ടുള്ളൂ. കരാറുകാരുമായി ചമച്ച എഗ്രിമെന്റുകൾ പ്രകാരം കരാർ തീയതി മുതൽ 10 ദിവസത്തിനകം പ്രവൃത്തി സ്ഥലം, കരാറുകാരൻ കൈപ്പറ്റേണ്ടതും സ്ഥലം കൈപ്പറ്റി 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരണം വൈകിയതിന്, 1.02.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യൂ.ഡി നമ്പർ ഉത്തരവ് സെക്ഷൻ 2112-1 പ്രകാരമുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലാവധി ഒറ്റത്തവണ ദീർഘിപ്പിക്കുന്നത്, കരാർ കാലാവധിയുടെ 25 ശതമാനത്തിലധികം അധികരിക്കാവതല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ ഒരു ശതമാനവും ആദ്യതവണക്ക് ശേഷം ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. ഇത്തരത്തിൽ ഈടാക്കേണ്ടിയിരുന്ന പിഴ 24304/- രൂ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 താൽക്കാലിക ജീവനക്കാരുടെ ഇ.പി.എഫ് വിഹിതം - സമയബന്ധിതമായി അടവാക്കാത്തതിനാൽ പിഴപ്പലിശ - 148538/- രൂപയുടെ നഷ്ടം

2018-19 വർഷത്തെ തനത് ഫണ്ടിൽ നിന്നും 20.08.2018ന് വൗച്ചർ നം.21800305 പ്രകാരം പലിശയും പിഴപലിശയും ഉൾപ്പടെ 60,890/- രൂപ ഇ.പി.എഫ് റീജിയണൽ പ്രൊവിഡന്റ് ഫണ്ട് കമ്മീഷണർക്കു അയച്ചു കൊടുത്തിട്ടുണ്ട് (പിഴ പലിശ – 41,146/-രൂപ + പലിശ -19,744/-രൂപ). ഇതുമായി ബന്ധപ്പെട്ട ജി1-11155/2017 നമ്പർ ഫയൽ പരിശോധിച്ചതിൽ, 12/2015 മുതൽ 06/2017 വരെ നഗരസഭയിൽ ജോലി ചെയ്തിരുന്ന 2 താൽക്കാലിക ഡ്രൈവർമാരുടെ (ശ്രീ.മൊയ്തീൻ കോയ, ശ്രീ.മുഹമ്മദ് അലി) ഇ.പി.എഫ് വിഹിതം, നഗരസഭാ വിഹിതം എന്നിവ അടവാക്കിയിട്ടില്ലെന്ന് കണ്ടെത്തിയതിനാൽ ടി തുക അടയ്ക്കാൻ കോഴിക്കോട് അസി.പ്രൊവിഡന്റ് ഫണ്ട് കമ്മിഷണർ ആവശ്യപ്പെട്ടത് പ്രകാരം 31.03.2018 ന് 1,20,074/- രൂപ വൗച്ചർ നമ്പർ 21700992 പ്രകാരം അടവാക്കിയിട്ടുണ്ട്. ഇ.പി.എഫ് വിഹിതം യഥാസമയം അടയ്ക്കാത്തതിന്റെ കാരണം ബോധിപ്പിക്കാൻ 06.12.2017 ന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും നഗരസഭാധികൃതർ ആരും തന്നെ അന്നേ ദിവസം ഹാജരായിട്ടില്ല.

പിന്നീട് 06/2017മുതൽ 09/2018 വരെയുള്ള കാലയളവിലേക്കായി 26.12.2018 ന് നഗരസഭാ വിഹിതവും ജീവനക്കാരുടെ വിഹിതവും കൂടി 80,363/- രൂപയും അടവാക്കിയിട്ടുണ്ട്.

സമയബന്ധിതമായി ഇ.പി.എഫ് വിഹിതവും, പലിശ, പിഴ എന്നിവ അടവാക്കാതിരുന്നതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | തീയതി | തുക | പിഴ + പലിശ | ജീവനക്കാരുടെ വിഹിതം | നഗരസഭയ്ക്കുണ്ടായ നഷ്ടം |
|---|---|---|---|---|---|---|
| 1 | 21700992 | 31.03.2018 | 1,20,074 | | 52,590 | 52,590 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 21800305 | 20.08.2018 | 60,890 | 60,890 | | 60,890 |
| 3 | 21800578 | 26.12.2018 | 80,363 | | 35,058 | 35,058 |
| ആകെ | | | | 60,890 | 87,648 | 1,48,538 |

പലിശ, പിഴപലിശ, ജീവനക്കാരുടെ വിഹിതം എന്നിവ നഗരസഭാ ഫണ്ടിൽ നിന്നും അടവാക്കാനിടയായതിന്റെ കാരണം ആവശ്യപ്പെട്ടുകൊണ്ട് 18.02.2020 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/18-19) മറുപടി നൽകിയിട്ടില്ല.

നഗരസഭാ വിഹിതമായി ഒടുക്കിയ 87,648/- രൂപയും പിഴ, പലിശയിനത്തിൽ ഒടുക്കിയ 60,890/- രൂപയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 16.08.2019 – 17.08.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ2/887/2019(85)<br>തീയതി- 25.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ തിരിച്ചടവ് | സ.ഉ.(സാധാ) നം 533/2010 ത.സ്വ.ഭ വ | 1,86,63,000 | 38,87,764 | 5,00,000 | | 33,87,764 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 19(b,c) | 2003- (പൊതു പരാമർശം) | 11.13.7.25 | നികുതി പിരിവിൽ അലംഭാവം | |
| 2000-01 | 52 | 2003-04 | 11(1) | തൊഴിൽ രഹിത വേതനം | റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കി റിപ്പോർട്ട് നൽകാൻ എൽ.എസ്.ജി.ഡിയോട് ശുപാർശ ചെയ്തു |
| 2000-01 | 45 | 2003-04 (പൊതു പരാമർശം) | 11.13.6.4 | കാർഷിക യന്ത്രവൽക്കരണം | |
| 2000-01 | | 2003-04 | 11.14 | 1)കൊടേക്കുന്ന് അംഗൻവാടി കെട്ടിടം<br>2)വെറ്റിറനറി ആശുപത്രി റിപ്പയർ<br>3) പാലക്കുറ്റി മരുതമ്മൽ റോഡ് | |
| 2001-02 | | 2003-04 | 11.14 | വീട്ടിൽ ഒരു പശു പദ്ധതി | |
| 2001-02 | | 2004-05 | 11.1.1.4 | ക്യാഷ് ബുക്കും രജിസ്റ്ററുകളും എഴുതിയില്ല | |
| 2001-02 | | 2004-05 | 11.1.3.28 | നികുതി പിരിവിൽ അലംഭാവം | |
| 2001-02 | | 2004-05 | 11.1.4.8 | തൊഴിൽ പരിശീലന പദ്ധതികൾ | |
| 2004-05 | 3-6 | 2006-07 | 3.81.1 | ശുദ്ധജലവിതരണ പ്രവൃത്തി പൂർത്തിയായില്ല | |
| 2007-08 | | 2011-12 | 4.15 | വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചു | |
| | | 2013-14 | 6.3.1 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി | |
| | | 2013-14 | 6.3.2 | പ്രൊക്യൂർമെന്റ് സൈക്കിൾ | |
| | | 2015-16 | 4.1.5 | നികുതി/ | |

| | | | | | |
|---|---|---|---|---|---|
| | | | | നികുതിയേതരം പൊരുത്തപ്പെടാത്ത കണക്കുകൾ | |
| | | 2015-16 | 4.1.6 | വാർഷിക ധനകാര്യ പത്രിക വിവരങ്ങളുടെ കൃത്യത | |
| 2014-15 | 2-3,2-6 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2016-17 | 2-2 | 2017-18 | 1.11.8 | വസ്തു നികുതി – സഞ്ചയയിൽ പ്ലിന്ത് ഏരിയയിലി കുറവു വരുത്തുന്നു | |
| 2016-17 | 2-3 | 2017-18 | 1.11.9 | പഴയ നിരക്കിൽ വസ്തു നികുതി ഈടാക്കി | |
| 2016-17 | 2-4 | 2017-18 | 1.11.10 | വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി കണക്കാക്കി | |
| 2016-17 | 2-5 | 2017-18 | 1.11.11 | നികുതിയിളവ് നൽകി | |
| 2016-17 | 2-6 | 2017-18 | 1.11.12 | മുഴുവൻ കെട്ടിടങ്ങൾക്കും നികുതി ഡിമാന്റ് ചെയ്തില്ല | |
| 2016-17 | 2-7 | 2017-18 | 1.11.13 | ഇൻഡസ്ട്രിയൽ ഷെഡിന് പാർപ്പിടത്തിന്റെ നിരക്ക് അനുവദിച്ചു | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 24,81,26,741 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 23,61,17,003 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,08,074 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,31,210 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|
| | | | |

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 34,872 | ശ്രീമതി. ജയന്തി എൻ. പി, മുൻസിപ്പൽ എഞ്ചിനീയർ |
| 3-2 | | 24,304 | ശ്രീമതി. ജയന്തി എൻ. പി, മുൻസിപ്പൽ എഞ്ചിനീയർ |
| 3-3 | | 52,590 | ശ്രീ.എ.എം.അനിൽകുമാർ(സൂപ്രണ്ട്), സെക്രട്ടറി-ഇൻ-ചാർജ് |
| | | 95,948 | ശ്രീമതി. ജയന്തി എൻ. പി, (മുൻസിപ്പൽ എഞ്ചിനീയർ), സെക്രട്ടറി-ഇൻ-ചാർജ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 9,31,210 | ശ്രീമതി. ജയന്തി എൻ. പി, മുൻസിപ്പൽ എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജയന്തി എൻ. പി, മുൻസിപ്പൽ എഞ്ചിനീയർ, സെക്രട്ടറി-ഇൻ-ചാർജ് | സർവീസിൽ നിന്നും വിരമിച്ചു | അനശ്വര,അന്നശ്ശേരി പോസ്റ്റ്, തലക്കുളത്തൂർ 673317 |
| ശ്രീ.എ.എം.അനിൽകുമാർ(സൂപ്രണ്ട്), സെക്രട്ടറി-ഇൻ-ചാർജ് | സൂപ്രണ്ട്, കൊയിലാണ്ടി നഗരസഭ | അനയ് നിവാസ്, നെല്ലിപ്പത്താഴം,ചേവായുർ പി.ഒ,കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1999-2000 | എൽ.എഫ്.കെ.കെ.ഡി.പി1/1699/ 2013(5)/7.1.2014 | 4 | 11(A),51(1),(2), (3) |
| 2000-2001 | എൽ.എഫ്.കെ.കെ.ഡി.പി1/1699/ 2013(6)/7.1.2014 | 6 | 26,34,36,48,49,52 |
| 2001-2002 | എൽ.എഫ്.കെ.കെ.ഡി.പി1/1699/ 2013(7)/7.1.2014 | 2 | 2-5,3-7 |
| 2003-2004 | എൽ.എഫ്.കെ.കെ.ഡി.പി1/721/ 2011(ii) | 11 | |
| 2006-2007 | എൽ.എഫ്.കെ.കെ.ഡി.പി1/351/ 2010/30.4.2010 | 14 | 2-4,2-12,2-14,2-15, 3-3,3-8,3-9,3-10, 3-10(2),3-11,3-11(2), 3-12,3-13,3-22 |
| 2008-2009 | എൽ.എഫ്.കെ.കെ.ഡി.പി1/1817/ 12/14.12.2012 | 31 | 1-1,1-3,2-2,2-3,2-4(1),(2),2-5,2-6,2-7,2-8,2-9, 2-10,2-11, 2-12,3-1,3-3,3-5,3-6,3-8, 3-9,3-11, 3-12,3-14,3-15,3-16,3-17, 3-19,3-20, 3-21,4-3,4-6,4-7 |
| 2009-10 2010-11 | എൽ.എഫ്.കെ.കെ.ഡി.പി1/987/ 13/22.7.2013 | 16 | 1-9,2-1,2-2,2-3(1,2), 2-5(1,2),2-6, 3-2(1,2),3-3,3-4,3-6, 3-7(A),3-7(C), 3-11 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി1/1439/ 14/2.9.2014 | 15 | 2-2(1)(2),2-4(1),3-2, 3-4,3-6,3-7, 3-8,3-9(1),3-9(2),4-1, 4-2,4-3,4-6,4-7 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി1/393/ 15/4.8.2015 | 18 | 1-3,1-5,3-2,3-4,3-5,3-6, 3-7,3-8,3-9, 3-12,3-14,3-15,3-16, 3-19,3-20,3-21, 3-23,3-24 |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി(പി1)/ 1312/15/2.12.2015 | 22 | 2-2,2-3,2-4(1), (2),(3), 2-6,2-7,2-9, |

| | | | |
|---|---|---|---|
| | | | 2-10,3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8,<br>3-9,3-10,3-11,3-12,<br>3-13,3-14,3-16 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി(പി14)/ 1711/2016/5.5.2017 | 18 | 2-1,2-2,2-3(4),2-4,2-6,<br>3-6,3-9,3-10,<br>3-11,3-13,3-14,3-15,<br>3-16,3-17,3-18,<br>3-20,3-21,3-25 |
| 2015-16 (ഗ്രാ.പ.) | കെ.എസ്.എ.കെ.കെ.ഡി. /പി.14/145/17/1.6.2017 | 25 | 2-1,2-2,2-3,2-4,2-5,<br>2-6,2-7(1,2,3),<br>2-8,2-9,2-10,2-11,<br>3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8,3-9,<br>3-10,3-11,3-12,<br>3-13,3-14 |
| 2015-16 (നഗരസഭ) | കെ.എസ്.എ.കെ.കെ.ഡി. /പി.14/144/17/7.7.2017 | 19 | 2-1,2-2,2-3,2-4,3-1,<br>3-2,3-3,3-4,3-5,<br>3-6,3-7,3-8,3-9,3-10,<br>3-11,3-12,3-13,<br>3-14,4-3 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. /പി.14/1690/17/14.5.2018 | 33 | 2-1,2-2,2-3,2-4,2-5,<br>2-6,2-7,2-8,2-9,<br>2-10,2-11,2-12,2-13,<br>2-14,2-15,3-1,<br>3-2,3-3,3-4,3-5,3-6,<br>3-7,3-8,3-9,3-10,<br>3-11,3-12,3-13,3-14,<br>3-15,3-16,3-17,3-18 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. /പി.14/2323/18/12.12.2018 | 38 | 1-12,2-1,2-2,2-3,2-4,<br>2-5,2-6,3-1,<br>3-2,3-3,3-4,3-5,3-6,<br>3-7,3-8,3-9,3-10,<br>3-11,3-12,3-13,3-14,<br>3-15,3-16,3-17,<br>3-18,3-19,3-20,3-21,<br>3-22,3-23,3-24,<br>3-25,3-26,3-27,3-28,<br>3-29,3-30,3-31 |

# <u>അനുബന്ധം</u>
# <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം:കെ.എസ്.എ.കെ.കെ.ഡി.പി.14/271/2020 തിയ്യതി: 14.08.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊടുവള്ളി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.